116

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഇൻഡ്യൻ ക്രിസ്ത്യാനി വിവാഹ ആക്റ്റ്, 1872

(1872-ലെ 15-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില :

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ഇൻഡ്യൻ ക്രിസ്ത്യാനി വിവാഹ ആക്റ്റ്, 1872

(1872-ലെ 15-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

# ഇൻഡ്യൻ ക്രിസ്ത്യാനി വിവാഹ ആക്റ്റ്, 1872

(1872-ലെ 15-ാം നമ്പർ ആക്റ്റ്)

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ.

ആമുഖം.

1 ചുരുക്കപ്പേര്, വ്യാപ്തി.
2 (റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ)
3 വ്യാഖ്യാന ഖണ്ഡം.

### ഭാഗം I

### വിവാഹങ്ങൾ ആഘോഷിച്ചുകൊടുക്കപ്പെടാവുന്നത് ഏതു ആളുകളാലെന്ന്

4 വിവാഹങ്ങൾ ആക്റ്റനുസരിച്ച് ആഘോഷിക്കപ്പെടണമെന്ന്.
5 വിവാഹങ്ങൾ ആഘോഷിച്ചു കൊടുക്കപ്പെടാവുന്നതു ഏത് ആളുകളാലെന്ന്.
6 വിവാഹം ആഘോഷിച്ചുകൊടുക്കാനുള്ള ലൈസൻസുകൾ നല്കലും പിൻവലിക്കലും.
7 വിവാഹരജിസ്ട്രാർമാർ.
സീനിയർ വിവാഹരജിസ്ട്രാർ.
രജിസ്ട്രേറ്റ് എപ്പോൾ വിവാഹ രജിസ്ട്രാർ ആയിരിക്കുമെന്ന്.
8 റദ്ദാക്കപ്പെട്ടു.
9 ഇൻഡ്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള വിവാഹത്തിന്റെ സർട്ടിഫിക്കറ്റ് നല്കുവാൻ ആളുകൾക്കു ലൈസൻസു കൊടുക്കുന്നത്.

### ഭാഗം II

### വിവാഹങ്ങൾ ആഘോഷിച്ചു കൊടുക്കാവുന്ന സമയവും സ്ഥലവും.

10 വിവാഹം ആഘോഷിച്ചുകൊടുക്കുന്നതിനുള്ള സമയം.
11 വിവാഹം ആഘോഷിച്ചുകൊടുക്കാനുള്ള സ്ഥലം.

### ഭാഗം III

### ഈ ആക്റ്റിൻകീഴിൽ ലൈസൻസു നല്കപ്പെട്ടിട്ടുള്ള മതപുരോഹിതൻമാർ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങൾ

12 ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ്.
13 അങ്ങനെയുള്ള നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നത്.
നോട്ടീസ് മടക്കുകയോ കൈമാറുകയോ ചെയ്യുന്നത്.
14 സ്വകാര്യ വസതിയിൽവച്ച് ഉള്ള ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ്.
15 ഒരു കക്ഷി മൈനർ ആയിരിക്കുമ്പോൾ നോട്ടീസിന്റെ പകർപ്പ് വിവാഹ രജിസ്ട്രാർക്ക് അയയ്ക്കുന്നത്.
16 നോട്ടീസ് കിട്ടുന്നതിൻമേലുള്ള നടപടിക്രമം.

17 നോട്ടീസ് നല്കിയതിന്റെയും പ്രഖ്യാപനം ചെയ്തതിന്റേയും സർട്ടിഫിക്കററ് നല്കൽ.
18 വിവാഹ സർട്ടിഫിക്കററ് നല്കുന്നതിനു മുമ്പുള്ള പ്രഖ്യാപനം.
19 പിതാവിന്റേയോ, രക്ഷകർത്താവിന്റെയോ മാതാവിന്റേയോ സമ്മതം.
20 സർട്ടിഫിക്കററു നല്കുന്നത് നോട്ടീസ്‌വഴി നിരോധിക്കാൻ ഉള്ള അധികാരം..
21 നോട്ടീസ് കിട്ടുന്നതിൻമേലുള്ള നടപടിക്രമം.
22 മൈനാറിട്ടിയുടെ സംഗതിയിൽ സർട്ടിഫിക്കററ് നല്കുന്നത്.
23 ഇൻഡ്യൻ ക്രിസ്ത്യാനികൾക്കു സർട്ടിഫിക്കററ് നല്കുന്നത്.
24 സർട്ടിഫിക്കററിന്റെ ഫാറം.
25 വിവാഹം ആഘോഷിച്ചുകൊടുക്കൽ.
26 രണ്ടു മാസത്തിനുള്ളിൽ വിവാഹം ആഘോഷിച്ചുകൊടുക്കുന്നില്ലെങ്കിൽ, സർട്ടിഫിക്കററ് ശൂന്യമാണെന്ന്.

## ഭാഗം IV

### മതപുരോഹിതൻമാർ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങളുടെ

### രജിസ്ട്രേഷൻ

27 വിവാഹങ്ങൾ എപ്പോൾ രജിസ്ററർ ചെയ്യണമെന്ന്.
28 ചർച്ച് അഫ് ഇംഗ്ലണ്ടിന്റെ വൈദികൻ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേഷൻ.
29 ആർച്ച് ഡീക്കൻറിക്കുള്ള ത്രൈമാസിക റിട്ടേണുകൾ.
റിട്ടേണുകളുടെ ഉള്ളടക്കം.
30 ചർച്ച് ആഫ് റോമിലെ വൈദികൻ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേഷനും റിട്ടേണുകളും.
31 ചർച്ച് ആഫ് സ്കാട്ടലണ്ടിലെ വൈദികൻ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേഷനും റിട്ടേണുകളും.
32 ചില വിവാഹങ്ങൾ ഡ്യൂപ്ലിക്കേററിൽ രജിസ്ററർ ചെയ്യണമെന്ന്.
33 അങ്ങനെയുള്ള വിവാഹങ്ങളുടെ ഉൾക്കുറിപ്പുകൾ ഒപ്പുവയ്ക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യണമെന്ന്.
34 സർട്ടിഫിക്കററ് വിവാഹ രജിസ്ട്രാർക്ക് അയക്കുകയും പകർത്തുകയും രജിസ്ട്രാർ ജനറലിന് അയക്കുകയും ചെയ്യണമെന്ന്.
35 സർട്ടിഫിക്കററുകളുടെ പകർപ്പുകൾ ചേർക്കുകയും അവയ്ക്കു നമ്പരിടുകയും വേണമെന്ന്.
36 രജിസ്ട്രാർ സർട്ടിഫിക്കററിനോട് ഉൾക്കുറിപ്പു നമ്പർ ചേർക്കുകയും, അതു രജിസ്ട്രാർ–ജനറലിന് അയയ്ക്കുകയും ചെയ്യണമെന്ന്.
37 5-ാം വകുപ്പിന്റെ (1)-ം (2)-ം (3)-ം ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ആളുകൾ, ഇൻഡ്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള വിവാഹങ്ങൾ രജിസ്ററർ ചെയ്യുന്നത്.
രജിസ്ററർ ബുക്കിന്റെ സൂക്ഷിപ്പും അത് എന്തുചെയ്യണം എന്നും.

## ഭാഗം V

### ഒരു വിവാഹരജിസ്ട്രാറാലോ അയ്യാളുടെ സാന്നിദ്ധ്യത്തിലോ

### ആഘോഷിച്ചുകൊടുക്കപ്പെടുന്ന വിവാഹങ്ങൾ

38 വിവാഹ രജിസ്ട്രാറുടെ മുമ്പാകെ ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ്.
39 നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നത്.

40 നോട്ടീസ് ഫയൽ ചെയ്യുകയും പകർപ്പു വിവാഹ നോട്ടീസ് ബുക്കിൽ ചേർക്കുകയും ചെയ്യണമെന്ന്.
41 നോട്ടീസ് നല്കിയതിൻേറയും ശപഥം ചെയ്തതിൻേറയും സർട്ടിഫിക്കററ്.
42 സർട്ടിഫിക്കററു നല്കുന്നതിനു മുമ്പുള്ള ശപഥം.
43 പതിനാലു ദിവസത്തിലും കുറഞ്ഞ സമയത്തിനുള്ളിൽ സർട്ടിഫിക്കററിന് ഉത്തരവുചെയ്യാൻ ഹൈക്കോടതിക്കുള്ള ഹർജി.
44 പിതാവിൻേറയോ രക്ഷകർത്താവിൻേറയോ സമ്മതം.
സർട്ടിഫിക്കററ് പുറപ്പെടുവിക്കുന്നതിനെതിരായുള്ള പ്രതിഷേധം.
45 ആരുടെ സമ്മതമാണോ ആവശ്യമായിട്ടുള്ളത്, അയാൾ ചിത്തഭ്രമമുള്ളവനായിരിക്കുകയോ, അന്യായമായി സമ്മതം നല്കാതിരിക്കുകയോ ചെയ്യുന്നിടത്തെ ഹർജി.
46 വിവാഹ രജിസ്ട്രാർ. സർട്ടിഫിക്കററ് നല്കാൻ വിസമ്മതിക്കുമ്പോഴത്തെ ഹർജി.
47 റദ്ദാക്കപ്പെട്ടു.
48 രജിസ്ട്രാർ വിലക്കുന്ന ആളുടെ പ്രാധികാരത്തെ സംശയിക്കുമ്പോഴത്തെ ഹർജി.
49 സർട്ടിഫിക്കററ് നൽകുന്നതിനെതിരായുള്ള നിസ്സാരമായ പ്രതിഷേധം സംബന്ധിച്ച ബാദ്ധ്യത.
50 സർട്ടിഫിക്കററിൻെറ ഫാറം.
51 സർട്ടിഫിക്കററ് നൽകിയതിനുശേഷം വിവാഹം ആഘോഷിച്ചു കൊടുക്കുന്നത്.
52 നോട്ടീസിനുശേഷം രണ്ടു മാസത്തിനുള്ളിൽ വിവാഹം ഉണ്ടായിട്ടില്ലാത്തപ്പോൾ പുതിയ നോട്ടീസ് വേണമെന്ന്.
53 വിവാഹ രജിസ്ട്രാർക്ക് രജിസ്ററർ ചെയ്യേണ്ട വിവരങ്ങൾ ചോദിക്കാമെന്ന്.
54 V-ാം ഭാഗത്തിൻ കീഴിൽ ആഘോഷിക്കപ്പെടുന്ന വിവാഹത്തിൻെറ രജിസ്ട്രേഷൻ.
55 സർട്ടിഫിക്കററുകൾ പ്രതിമാസം രജിസ്ട്രാർ-ജനറൽക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന്.
56 റദ്ദാക്കപ്പെട്ടു.
57 നോട്ടീസും സർട്ടിഫിക്കററും ഇൻഡ്യൻക്രിസ്ത്യാനികൾ മനസ്സിലാക്കുന്നുണ്ടോ എന്ന് രജിസ്ട്രാർമാർ തിട്ടപ്പെടുത്തണമെന്ന്.
58 ഇൻഡ്യൻ ക്രിസ്ത്യാനികൾക്ക് പ്രഖ്യാപനങ്ങൾ മനസ്സിലാക്കി കൊടുക്കേണ്ടതാണെന്ന്.
59 ഇൻഡ്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള വിവാഹങ്ങളുടെ രജിസ്ട്രേഷൻ.

ഭാഗം VI

ഇൻഡ്യൻ ക്രിസ്ത്യാനികളുടെ വിവാഹം

60 ഇൻഡ്യൻ ക്രിസ്ത്യാനികളുടെ വിവാഹം ഏത് ഉപാധികളിന്മേൽ സർട്ടിഫൈ ചെയ്യാമെന്ന്.
61 സർട്ടിഫിക്കററ് നല്കുന്നത്.
62 രജിസ്ററർ ബുക്കുവച്ചുപോരുന്നതും, അതിൽനിന്നുള്ള എക്സ്ട്രാക്ററുകൾ രജിസ്ട്രാർ-ജനറലിൻെറ പക്കൽ ഡെപ്പോസിററ് ചെയ്യുന്നതും.
63 രജിസ്ററർ ബുക്കിലെ ശോധനയും ഉൾക്കുറിപ്പുകളുടെ പകർപ്പുകളും.

64 ഇൻഡ്യൻ ക്രിസ്ത്യാനികളുടെ I-ാം ഭാഗത്തിനോ III-ാം ഭാഗത്തിനോ കീഴിലെ വിവാഹങ്ങൾ രജിസ്ററർ ചെയ്യുന്ന ബുക്കുകൾ.
65 VI-ാം ഭാഗം റോമൻ കത്തോലിക്കർക്ക് ബാധകമാകുന്നതല്ലെന്ന്. ചില വിവാഹങ്ങൾ ഒഴിവാക്കൽ.

## ഭാഗം VII

### ദണ്ഡനങ്ങൾ

66 വിവാഹം സാദ്ധ്യമാക്കികിട്ടുന്നതിനുള്ള വ്യാജമായ ശപഥമോ, പ്രഖ്യാപനമോ, നോട്ടീസോ, സർട്ടിഫിക്കറേറാ
67 വിവാഹ രജിസ്ട്രാർ സർട്ടിഫിക്കററ് നല്കുന്നത് വ്യാജമായ ആൾമാറാട്ടു വഴി വിലക്കുന്നത്.
68 മുറപ്രകാരമുള്ള പ്രാധികാരമില്ലാതെ വിവാഹം ആഘോഷിച്ചു കൊടുക്കുന്നത്.
69 ശരിയായ സമയത്തല്ലാതേയോ, സാക്ഷികളെകൂടാതെയോ വിവാഹം ആഘോഷിച്ചുകൊടക്കുന്നത്.
70 നോട്ടീസ് കൂടാതെയോ അല്ലെങ്കിൽ നോട്ടീസിനുശേഷം പതിന്നാലു ദിവസത്തിനുള്ളിലോ മൈനറുമായുള്ള വിവാഹം ആഘോഷിച്ചു കൊടുക്കുന്നത്.
71 നോട്ടീസ് പ്രസിദ്ധപ്പെടുത്താതെ സർട്ടിഫിക്കററ് നല്കുകയോ വിവാഹം ആഘോഷിച്ചുകൊടുക്കുകയോ ചെയ്യുന്നത്.
72 നോട്ടീസിൻെറ കാലം കഴിഞ്ഞോ മൈനറുടെ സംഗതിയിൽ, നോട്ടീസിനു ശേഷം പതിന്നാലുദിവസത്തിനുള്ളിലോ, പ്രാധികൃതമായ നിരോധനത്തിനെതിരായോ സർട്ടിഫിക്കററ് നല്കുന്നത്.
73 (ചർച്ചു ആഫ് ഇംഗ്ലണ്ട്, ചർച്ച് ആഫ് സ്കാട്ട്ലണ്ട്, ചർച്ച് ആഫ് റോം എന്നിവയുടെ പുരോഹിതന്മാർ അല്ലാത്ത) വിവാഹം ആഘോഷിച്ചു കൊടുക്കാൻ പ്രാധികാരപ്പെടുത്തപ്പെട്ട ആളുകൾ.
74 ലൈസൻസ് നല്കപ്പെട്ടിട്ടില്ലാത്ത ആൾ. ലൈസൻസ്നല്കപ്പെട്ടിട്ടുണ്ടെന്നഭാവത്തിൽ സർട്ടിഫിക്കററ് നല്കുന്നത്.
75 രജിസ്ററർ ബുക്കുകൾ നശിപ്പിക്കുകയോ വ്യാജമാക്കുകയോ ചെയ്യുന്നത്.
76 ആക്ററിൻകീഴിലെ പ്രാസിക്യൂഷനുകൾക്കുള്ള കാലഹരണം.

## ഭാഗം VII

### പലവക

77 ആക്ററനുസരിച്ചുള്ള വിവാഹം സംബന്ധിച്ച് ഏതുവിഷയങ്ങൾ തെളിയിക്കേണ്ടതില്ലെന്ന്.
78 പിശകുകൾ തിരുത്തൽ.
79 ശോധനകളും ഉൾക്കുറിപ്പുകളുടെ പകർപ്പുകളും.
80 വിവാഹ രജിസ്റററിലെ ഉൾക്കുറിപ്പ് മുതലായവയുടെ സർട്ടിഫൈ ചെയ്ത പകർപ്പ് തെളിവായിരിക്കുമെന്ന്.
81 ചില വിവാഹങ്ങളുടെ സർട്ടിഫിക്കററുകൾ കേന്ദ്രഗവൺമെൻറിന് അയക്കണമെന്ന്.
82 സ്റേററു ഗവൺമെൻറ് ഫീസ് നിർണ്ണയിക്കണമെന്ന്.
83 ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.
84 (വിട്ടുകളയപ്പെട്ടു)

85 ജില്ലാ ജഡ്ജി ആരായിരിക്കണമെന്ന് പ്രഖ്യാപിക്കാനുള്ള അധികാരം.
86 റദ്ദാക്കപ്പെട്ടു.
87 കാൺസൽവഴിയുള്ള വിവാഹങ്ങളുടെ ഒഴിവാക്കൽ.
88 നിരോധിത രക്തബന്ധത്തിന്റെ ഡിഗ്രികളിൽപെടുന്ന വിവാഹങ്ങൾ സാധുവാക്കുന്നില്ലെന്ന്.

പട്ടിക I

പട്ടിക II

പട്ടിക IV

---

# ഇൻഡ്യൻ ക്രിസ്ത്യാനി വിവാഹ ആക്റ്റ്,1872

## 1872-ലെ 15-ാം നമ്പർ

ക്രിസ്ത്യാനികളുടെ വിവാഹങ്ങൾ ഇൻഡ്യയിൽ വച്ച് ആഘോഷിക്കുന്നത് സംബന്ധിച്ചുള്ള നിയമം സഞ്ചയി ക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതി നുള്ള ആക്റ്റ്

[1872 ജൂലൈ,18]

**ആമുഖം.**— ക്രിസ്തുമതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്ന ആളുകളുടെ വിവാഹങ്ങൾ ഇൻഡ്യയിൽവച്ച് ആഘോഷിക്കുന്നത് സംബന്ധിച്ചുള്ള നിയമം സഞ്ചയിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതു സമീചീനമായിരിക്കുകയാൽ; ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

### പ്രാരംഭികം

1. ചുരുക്കപ്പേര്, വ്യാപ്തി.— ഈ ആക്റ്റിന്, ഇൻഡ്യൻ ക്രിസ്ത്യാനി വിവാഹ ആക്റ്റ്, 1872 എന്ന് പേർ പറയാവുന്നതാണ്.

ഇത് 1956 നവംബർ, 1-നു തൊട്ടുമുമ്പ് തിരുവിതാംകൂർ-കൊച്ചി, മണിപ്പൂർ, ജമ്മു-കാശ്മീർ എന്നീ സ്റ്റേറ്റുകൾ ഉൾക്കൊണ്ടിരുന്ന രാജ്യക്ഷേത്രങ്ങൾ ഒഴികെയുള്ള, ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

* * *

2. (റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ) 2-ാം വകുപ്പും

ഷെഡ്യൂൾ ഭാഗം 1-ഉം (റദ്ദാക്കപ്പെട്ടു)

3. വ്യാഖ്യാന ഖണ്ഡം.— വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം, ഈ ആക്റ്റിൽ,—

"ചർച്ച് അഫ് ഇംഗ്ലണ്ടി" നും "ആംഗ്ലിക്ക"നും, നിയമപ്രകാരം സ്ഥാപിതമായിട്ടുള്ള ചർച്ച് അഫ് ഇംഗ്ലണ്ട് എന്ന് അർത്ഥമാകുന്നതും, അവ അതിന് ബാധകമാകുന്നതുമാണ്;

"ചർച്ച് അഫ് സ്കട്ലണ്ടി,ന്" നിയമപ്രകാരം സ്ഥാപിതമായിട്ടുള്ള ചർച്ച് അഫ് സ്കാട്ട്ലണ്ട് എന്നർത്ഥമാകുന്നു;

"ചർച്ച് അഫ് റോ"മിനും "റോമൻ കത്തോലിക്കാ,യ്ക്കും" റോമിലെ പോപ്പിനെ ആത്മീയത്തലവനായി കരുതുന്ന ചർച്ച് എന്ന് അർത്ഥമാകുന്നതും, അവ അതിന് ബാധകമാകുന്നതുമാണ്;

"പള്ളി,യിൽ" പൊതു ക്രൈസ്തവാരാധനയ്ക്ക് സാമാന്യമായി ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും കപ്പേളയോ മററു കെട്ടിടമോ ഉൾപ്പെടുന്നതാകുന്നു;

"ഇൻഡ്യ"യ്ക്ക" ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങൾ എന്നർത്ഥമാകുന്നു;

"മൈനർ"ക്ക്, ഇരുപത്തൊന്ന് വയസ്സ് പൂർത്തിയായിട്ടില്ലാതിരിക്കുകയും, ഒരു മൃതഭാര്യനോ വിധവയോ അല്ലാതിരിക്കുകയും ചെയ്യുന്ന ആരം എന്നർത്ഥമാകുന്നു;

"ക്രിസ്ത്യാനികരം" എന്ന പദത്തിന്, ക്രിസ്തുമതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്ന ആളുകരം എന്നർത്ഥമാകുന്നതും,

"ഇൻഡ്യൻ ക്രിസ്ത്യാനികരം" എന്ന പദത്തിൽ ക്രിസ്തുമതത്തിലേക്ക് മതംമാറിയ ഇൻഡ്യയിലെ നാട്ടുകാരുടെ ക്രിസ്ത്യാനികളായ സന്തതികളും, അങ്ങനെ മതംമാറിയവരും ഉരംപ്പെടുന്നതുമാകുന്നു;

"ജനന-മരണ-വിവാഹ രജിസ്ട്രാർ ജനറൽ"ക്ക്" ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ആക്ററ്, 1886 (1886-ലെ 6)-ൻ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ജനന-മരണ-വിവാഹ രജിസ്ട്രാർ ജനറൽ എന്നർത്ഥമാകുന്നു.

## ഭാഗം I

## വിവാഹങ്ങരം ആഘോഷിച്ചുകൊടുക്കപ്പെടാവുന്നത് ഏതു് ആളുകളാലെന്ന്

4. <u>വിവാഹങ്ങരം ആക്ററനുസരിച്ച് ആഘോഷിക്കപ്പെടണമെന്ന്.</u>— ഇരുവരും ക്രിസ്ത്യാനികളോ, ഒരാരം ക്രിസ്ത്യാനിയോ ആയ ആളുകരം തമ്മിലുള്ള ഏതൊരു വിവാഹവും, അടുത്തു താഴെയുള്ള വകുപ്പിലെ വ്യവസ്ഥകരം അനുസരിച്ച്, ആഘോഷിക്കപ്പെടേണ്ടതും; അങ്ങനെയുള്ള വ്യവസ്ഥകരം അനുസരിച്ചല്ലാതെ ആഘോഷിക്കുന്ന അങ്ങനെയുള്ള ഏതു വിവാഹവും ശൂന്യമായിരിക്കുന്നതുമാണ്.

5. <u>വിവാഹങ്ങരം ആഘോഷിച്ചുകൊടുക്കപ്പെടാവുന്നത് ഏത് ആളുകളാലെന്ന്.</u>— താഴെ പറയുന്ന ആളുകളാൽ ഇൻഡ്യയിൽവച്ച് വിവാഹങ്ങരം ആഘോഷിച്ചുകൊടുക്കപ്പെടാവുന്നതാണ്.

1. ബിഷപ്പിൽനിന്ന് പട്ടം കിട്ടിയിട്ടുള്ള ഏതെങ്കിലും ആരം—എന്നാൽ, അതിന് ആ വിവാഹം അയാരം ഏതു പള്ളിയിലെ പുരോഹിതനാണോ, ആ പള്ളിയിലെ ചട്ടങ്ങളും ചടങ്ങുകളും അടിയന്തിരങ്ങളും ആചാരങ്ങളും അനുസരിച്ച് ആഘോഷിച്ചുകൊടുക്കപ്പെടുന്നതായിരിക്കണം;

2. ചർച്ച് അഫ് സ്കാട്ലണ്ടിന്റെ ഏതെങ്കിലും വൈദികൻ—എന്നാൽ അതിന് അങ്ങനെയുള്ള വിവാഹം ചർച്ച് അഫ് സ്കട്ലണ്ടിന്റെ ചട്ടങ്ങളും ചടങ്ങുകളും അടിയന്തിരങ്ങളും ആചാരങ്ങളും അനുസരിച്ച് ആഘോഷിച്ചുകൊടുക്കപ്പെടുന്നതായിരിക്കണം;

3. വിവാഹങ്ങരം ആഘോഷിച്ചുകൊടുക്കുവാൻ ഈ ആക്ററിൻ കീഴിൽ ലൈസൻസ് നല്കപ്പെട്ടിട്ടുള്ള ഏതെങ്കിലും മതപുരോഹിതൻ;

4. ഈ ആക്ററിൻ കീഴിൽ നിയമിച്ചിട്ടുള്ള ഒരു വിവാഹ രജിസ്ട്രാർ—അല്ലെങ്കിൽ അയാളുടെ സാന്നിദ്ധ്യത്തിൽ ആകാവുന്നതാണ്;

5. ഇൻഡ്യൻ ക്രിസ്ത്യാനികരം തമ്മിലുള്ള വിവാഹത്തിന്റെ സർട്ടിഫിക്കററുകരം നല്കുവാൻ ഈ ആക്ററിൻകീഴിൽ ലൈസൻസ് നല്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആരം.

6. വിവാഹം ആഘോഷിച്ചു കൊടുക്കാനുള്ള ലൈസൻസുകൾ നല്കലും പിൻവലിക്കലും.— സ്റ്റേററ് ഗവൺമെൻറിന്, അതിൻെറ ഭരണത്തിൻ കീഴിലുള്ള രാജ്യക്ഷേത്രങ്ങൾ സംബന്ധിച്ചിടത്തോളം, അങ്ങനെയുള്ള രാജ്യക്ഷേത്രങ്ങൾക്കുള്ളിൽ വിവാഹങ്ങൾ ആഘോഷിച്ചുകൊടുക്കാൻ മതപുരോഹിതന്മാർക്ക്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ലൈസൻസുകൾ നല്കാവുന്നതും, സദൃശവിജ്ഞാപനംവഴി, അങ്ങനെയുള്ള ലൈസൻസുകൾ പിൻവലിക്കാവുന്നതും ആകുന്നു.

7. വിവാഹ രജിസ്ട്രാർമാർ.— സ്റ്റേററ് ഗവൺമെൻറിന് അതിൻെറ കീഴിലെ ഏതെങ്കിലും ജില്ലയുടെ വിവാഹ രജിസ്ട്രാറോ വിവാഹ രജിസ്ട്രാർമാരോ ആയി ഒന്നോ അതിലധികമോ ക്രിസ്ത്യാനികളെ പേർ പറഞ്ഞോ, അല്ലെങ്കിൽ തൽസമയം ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ആൾ എന്ന നിലയിലോ നിയമിക്കാവുന്നതാണ്.

സീനിയർ വിവാഹ രജിസ്ട്രാർ.— ഏതെങ്കിലും ജില്ലയിൽ, ഒന്നിലധികം വിവാഹ രജിസ്ട്രാർമാർ ഉണ്ടെങ്കിൽ, സ്റ്റേററ് ഗവൺമെൻറ് അവരിൽ ഒരാളെ സീനിയർ വിവാഹ രജിസ്ട്രാർ ആയി നിയമിക്കേണ്ടതാകുന്നു.

മജിസ്ട്രേററ് എപ്പോൾ വിവാഹ രജിസ്ട്രാർ ആയിരിക്കുമെന്ന്.— ഒരു ജില്ലയിൽ ഒരൊററ വിവാഹ രജിസ്ട്രാർ മാത്രം ഉണ്ടായിരിക്കുകയും, അങ്ങനെയുള്ള രജിസ്ട്രാർ അങ്ങനെയുള്ള ജില്ലയിൽ സന്നിഹിതനല്ലാതിരിക്കുകയോ, അല്ലെങ്കിൽ അയാൾക്ക് സുഖമില്ലാതിരിക്കുകയോ അല്ലെങ്കിൽ അയാളുടെ ഉദ്യോഗം താൽക്കാലികമായി ഒഴിഞ്ഞുകിടക്കുകയോ ചെയ്യുകയും ചെയ്യുമ്പോൾ, അങ്ങനെ അസന്നിഹിതനായിരിക്കുകയോ, സുഖമില്ലാതിരിക്കുകയോ താൽക്കാലികമായി ഒഴിഞ്ഞുകിടക്കുകയോ ചെയ്യുന്ന കാലത്ത് ആ ജില്ലയിലെ മജിസ്ട്രേററ്, അവിടുത്തെ വിവാഹ രജിസ്ട്രാർ ആയി പകരം ജോലിനോക്കേണ്ടതും, അവിടുത്തെ വിവാഹ രജിസ്ട്രാർ ആയിരിക്കുന്നതും ആണ്.

8. (ഇൻഡ്യൻ സ്റ്റേററുകളിലെ വിവാഹ രജിസ്ററാർമാർ) 1950- ലെ എ. ഒ. യിനാൽ റദ്ദാക്കപ്പെട്ടു.

9. ഇൻഡ്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള വിവാഹത്തിൻെറ സർട്ടിഫിക്കററ് നല്കുവാൻ ആളുകൾക്ക് ലൈസൻസ് കൊടുക്കുന്നത്.— സ്റ്റേററ് ഗവൺമെൻറിന്, ഏതെങ്കിലും ക്രിസ്ത്യാനിക്ക്, പേർപറഞ്ഞോ, അല്ലെങ്കിൽ തൽസമയം ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ആളെന്ന നിലയിലോ ഇൻഡ്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള വിവാഹത്തിൻെറ സർട്ടിഫിക്കററ് നല്കുവാൻ അയാളെ പ്രാധികാരപ്പെടുത്തുന്ന ലൈസൻസ് നല്കാവുന്നതാണ്:

അങ്ങനെയുള്ള ഏതു ലൈസൻസും, അതു നല്കിയ അധികാരസ്ഥാനത്തിന് പിൻവലിക്കാവുന്നതും, അങ്ങനെയുള്ള ഏതൊരു നല്കലും പിൻവലിക്കലും ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യേണ്ടതുമാകുന്നു.

ഭാഗം II

## വിവാഹങ്ങഠം ആഘോഷിച്ചു കൊടുക്കാവുന്ന സമയവുംസ്ഥലവും

10. വിവാഹം ആഘോഷിച്ചു കൊടുക്കുന്നതിനുള്ള സമയം — ഈ
ആക്റ്റിൻകീഴിലുള്ള ഏതൊരു വിവാഹവും രാവിലെ ആറു മണിക്കും
വൈകുന്നേരം ഏഴു മണിക്കും ഇടയ്ക്ക് ആഘോഷിച്ചുകൊടുക്കേണ്ടതാ
കുന്നു;

അപവാദങ്ങഠം.— എന്നാൽ ഈ വകുപ്പിലെ യാതൊന്നും.—

1. ചർച്ച് അഫ് ഇംഗ്ലണ്ടിലെ ഒരു വൈദികൻ രാവിലെ ആറു
മണിക്കും വൈകുന്നേരം ഏഴു മണിക്കും ഇടയ്ക്കല്ലാത്ത ഏതെങ്കിലും
സമയത്ത് വിവാഹം ആഘോഷിച്ചുകൊടുക്കുവാൻ അയാളെ അനുവദിക്കു
ന്നതും ആ ഇടവകയിലെ ആംഗ്ലിക്കൻ ബിഷപ്പിൻേറയോ അദ്ദേഹ
ത്തിൻെറ കമ്മീസ്സറിയുടേയൊ ഒപ്പും മുദ്രയും വച്ച ഒരു പ്രത്യേക
ലൈസൻസിൻ കീഴിൽ അപ്രകാരം ആഘോഷിച്ചു കൊടുക്കുന്നതിനോ,
അല്ലെങ്കിൽ

2. ചർച്ച് അഫ് റോമിലെ ഒരു വൈദികന് വൈകുന്നേരം ഏഴു
മണിക്കും രാവിലെ ആറു മണിക്കും ഇടയ്ക്ക് ഒരു വിവാഹം ആഘോ
ഷിച്ചുകൊടുക്കുന്നതിനുള്ള സാമാന്യമോ പ്രത്യേകമോ ആയ ഒരു ലൈസ
ൻസ്, അതിലേക്കായി അദ്ദേഹത്തിന് അങ്ങനെയുള്ള വിവാഹം
ആഘോഷിച്ചു കൊടുക്കുന്നത് ഏത് ഇടവകയിലോ വികാരിയേററിലോ
വച്ചാണോ, ആ ഇടവകയുടേയോ വികാരിയേററിൻേറയോ റോമൻ കത്തോ
ലിക്കാ ബിഷപ്പിൽ നിന്നോ അദ്ദേഹം അങ്ങനെയുള്ള ലൈസൻസ്
നല്കാൻ പ്രാധികാരപ്പെടുത്തുന്ന ആളിൽ നിന്നോ കിട്ടിയിട്ടുള്ളപ്പോഠം,
ആ വൈദികൻഅപ്രകാരം ആഘോഷിച്ചുകൊടുക്കുന്നതിനോ, അല്ലെങ്കിൽ

3. ചർച്ച് അഫ് സ്കാട്ലണ്ടിലെ ഒരു വൈദികൻ ചർച്ച് അഫ് സ്കാ
ട്ലണ്ടിലെ ചട്ടങ്ങളും ചടങ്ങുകളും അടിയന്തിരങ്ങളും ആചാരങ്ങളും
അനുസരിച്ച് ആഘോഷിച്ചുകൊടുക്കുന്നതിനോ,

ബാധകമായിരിക്കുന്നതല്ല.

11. വിവാഹം ആഘോഷിച്ചു കൊടുക്കാനുള്ള സ്ഥലം.— ചർച്ച് അഫ്
ഇംഗ്ലണ്ട ലെ യാതൊരു വൈദികനും ഒരു വിവാഹം, ആരാധനാസംപ്രദാ
യങ്ങഠം സാധാരണമായി ചർച്ച് അഫ് ഇംഗ്ലണ്ടിൻെറ സംപ്രദായം അനു
സരിച്ച് നടത്തിപ്പോരുന്ന ഒരു പള്ളി അല്ലാത്ത ഏതെങ്കിലും സ്ഥല
ത്തുവച്ച്;

അങ്ങനെയുള്ള സ്ഥലത്തുനിന്ന് ഏററവും ദൂരം കുറഞ്ഞ റോഡുവഴി
അഞ്ചുമൈൽ ദൂരത്തിനുള്ളിൽ അങ്ങനെയുള്ള യാതൊരു പള്ളിയും ഇല്ലാ
തിരിക്കുന്നതല്ലാത്തപക്ഷമോ, അല്ലെങ്കിൽ

അദ്ദേഹത്തിന് അങ്ങനെയുള്ള ഏതെങ്കിലും സ്ഥലത്തുവച്ചു വിവാഹം
ആഘോഷിച്ചു കൊടുക്കാൻ തന്നെ പ്രാധികാരപ്പെടുത്തുന്ന ആ ഇടവകയിൽ
ആംഗ്ലിക്കൻ ബിഷപ്പിൻേറയോ അദ്ദേഹത്തിൻെറ കമ്മീഷണറിയുടേയോ
ഒപ്പും മുദ്രയും വച്ചതുമായ ഒരു പ്രത്യേക ലൈസൻസ് കിട്ടിയിട്ടില്ലാ
ത്തപക്ഷമോ,

ആഘോഷിച്ചുകൊടുക്കാൻ പാടുള്ളതല്ല.

പ്രത്യേക ലൈസൻസിനുള്ള ഫീസ്.—അങ്ങനെയുള്ള പ്രത്യേക ലൈസൻസിന്, ആ ഇടവക രജിസ്ട്രാർക്ക് മുൻപറഞ്ഞ ബിഷപ്പ് അതതുസമയം പ്രാധികാരപ്പെടുത്തുന്ന കൂടുതൽ ഫീസ് ചാർജ് ചെയ്യാവുന്നതാണ്.

## ഭാഗം III

## ഈ ആക്ററിൻ കീഴിൽ ലൈസൻസ് നല്കപ്പെട്ടിട്ടുള്ള മതപുരോഹിതന്മാർ ആഘോഷിച്ചു കൊടുക്കുന്ന വിവാഹങ്ങൾ

12. ഉദ്ദിഷ്ട വിവാഹത്തിൻെറ നോട്ടീസ്.—ഒരു വിവാഹം ഈ ആക്ററിൻ കീഴിൽ വിവാഹങ്ങൾ ആഘോഷിക്കാൻ ലൈസൻസ് നല്കപ്പെട്ടിട്ടുള്ള ഒരു മതപുരോഹിതനാൽ ആഘോഷിച്ചു കൊടുക്കപ്പെടണമെന്ന് ഉദ്ദേശിക്കുമ്പോഴെല്ലാം,

വിവാഹത്തിന് ഉദ്ദേശിക്കുന്ന ആളുകളിൽ ഒരാൾ, ആ വിവാഹം ഏത് മതപുരോഹിതനാൽ ആഘോഷിക്കപ്പെടണം എന്നാണോ അയാളോ അവളോ ആഗ്രഹിക്കുന്നത്, ആ മതപുരോഹിതന് ഇതിനോടനുബന്ധിച്ചുള്ള 1-ാം പട്ടികയിൽ അടങ്ങിയ ഫാറം അനുസരിച്ചുള്ളതോ, ആ അർത്ഥത്തിലുള്ളതോ ആയ ലിഖിതമായ നോട്ടീസ് നല്കേണ്ടതും,

(ക) വിവാഹത്തിന് ഉദ്ദേശിക്കുന്ന ആളുകളിൽ ഓരോരുത്തൻേറയും പേരും ഇരട്ടപ്പേരും, വൃത്തിയും അല്ലെങ്കിൽ സ്ഥിതിയും,

(ഖ) അവരിൽ ഓരോരുത്തൻേറയും വാസസ്ഥലവും,

(ഗ) അവിടെ ഓരോരുത്തനും വസിച്ചിട്ടുള്ള കാലവും,

(ഘ) ഏതു പള്ളിയിലോ സ്വകാര്യവസതിയിലോ വച്ചാണോ വിവാഹം ആഘോഷിക്കപ്പെടേണ്ടത്, ആ പള്ളിയും അല്ലെങ്കിൽ സ്വകാര്യവസതിയും പ്രസ്താവിക്കേണ്ടതുമാകുന്നു:

എന്നാൽ, അങ്ങനെയുള്ള ആളുകളിൽ ഒരാൾ നോട്ടീസിൽ പറഞ്ഞിട്ടുള്ള സ്ഥലത്ത് ഒരു മാസത്തിലധികം വസിച്ചിട്ടുണ്ടെങ്കിൽ, അയാളോ അവളോ അവിടെ ഒരു മാസവും അതിലധികവും വസിച്ചിട്ടുണ്ടെന്ന് നോട്ടീസിൽ പറയാവുന്നതാണ്.

13. അങ്ങനെയുള്ള നോട്ടീസ് പ്രസിദ്ധപ്പെടുന്നത്.—വിവാഹത്തിന് ഉദ്ദേശിക്കുന്ന ആളുകൾ അത് ഒരു പ്രത്യേക പള്ളിയിൽവച്ച് ആഘോഷിക്കപ്പെടണമെന്ന്, ആഗ്രഹിക്കുകയും അങ്ങനെയുള്ള നോട്ടീസ് നല്കപ്പെട്ട മതപുരോഹിതന് അവിടെ ഔദ്യോഗിക ചുമതല നിർവ്വഹിക്കാൻ അവകാശമുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ അദ്ദേഹം, ആ നോട്ടീസ്, അങ്ങനെയുള്ള പള്ളിയിലെ ശ്രദ്ധയാകർഷിക്കത്തക്ക ഏതെങ്കിലും ഭാഗത്ത് പതിപ്പിക്കേണ്ടതാകുന്നു.

നോട്ടീസ് മടക്കുകയോ കൈമാറുകയോ ചെയ്യുന്നത്.— എന്നാൽ അങ്ങനെയുള്ള പള്ളികളിൽ പുരോഹിതനായി ഔദ്യോഗിക ചുമതല വഹിക്കാൻ അദ്ദേഹത്തിന് അവകാശമില്ലെങ്കിൽ, അദ്ദേഹത്തിന് ഐച്ഛികമായി നോട്ടീസ്, തനിക്ക് അത് നല്കിയ ആൾക്ക് മടക്കുകയോ അല്ലെങ്കിൽ അവിടെ ഔദ്യോഗിക ചുമതല നിർവ്വഹിക്കാൻ അവകാശമുള്ള മറേറതെങ്കിലും പുരോഹിതനെ ഏല്പിക്കുകയോ ചെയ്യാവുന്നതും, ആ പുരോഹിതൻ ആ നോട്ടീസ് മുൻപറഞ്ഞതുപോലെ പതിപ്പിക്കേണ്ടതും ആകുന്നു.

14. സ്വകാര്യവസതിയിൽവച്ചുള്ള ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ്.— വിവാഹം ഒരു സ്വകാര്യവസതിയിൽവച്ച് ആഘോഷിക്കപ്പെടണമെന്ന് ഉദ്ദേശിക്കുന്നുവെങ്കിൽ, മതപുരോഹിതൻ, 12-ാം വകുപ്പിൽ നിർണ്ണയിച്ചിട്ടുള്ള നോട്ടീസ് കിട്ടുന്നതോടെ, അത് ആ ജില്ലയിലെ വിവാഹ രജിസ്ട്രാർക്ക് അയക്കേണ്ടതും, വിവാഹ രജിസ്ട്രാർ അത് തന്റെ സ്വന്തം ആഫീസിൽ ശ്രദ്ധയാകർഷിക്കത്തക്ക ഏതെങ്കിലും സ്ഥലത്ത് പതിക്കേണ്ടതുമാകുന്നു.

15. ഒരു കക്ഷി മൈനർ ആയിരിക്കുമ്പോൾ, നോട്ടീസിന്റെ പകർപ്പ് വിവാഹ രജിസ്ട്രാർക്ക് അയക്കുന്നത്.— വിവാഹത്തിന് ഉദ്ദേശിക്കുന്ന ആളുകളിൽ ഒരാൾ മൈനർ ആയിരിക്കുമ്പോൾ, അങ്ങനെയുള്ള നോട്ടീസ് കിട്ടുന്ന ഏതൊരു പുരോഹിതനും, അത് കിട്ടിയതിനുശേഷം ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ, അദ്ദേഹം, അത് 13-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് കീഴിൽ മടക്കാത്തപക്ഷം, അങ്ങനെയുള്ള നോട്ടീസിന്റെ ഒരു പകർപ്പ്, ആ ജില്ലയിലെ വിവാഹ രജിസ്ട്രാർക്കോ, അങ്ങനെയുള്ള ജില്ലയിൽ ഒന്നിലധികം രജിസ്ട്രാർമാർ ഉണ്ടെങ്കിൽ, സീനിയർ വിവാഹ രജിസ്ട്രാർക്കോ, തപാൽ വഴിയോ മററു വിധത്തിലോ അയക്കേണ്ടതാകുന്നു.

16. നോട്ടീസ് കിട്ടുന്നതിൻമേലുള്ള നടപടിക്രമം.—അങ്ങനെയുള്ള ഏതെങ്കിലും നോട്ടീസ് കിട്ടുന്നതിന്മേൽ അതതു സംഗതിപോലെ, വിവാഹ രജിസ്ട്രാറോ സീനിയർ വിവാഹരജിസ്ട്രാറോ അത് തന്റെ സ്വന്തം ആഫീസിൽ ശ്രദ്ധയാകർഷിക്കത്തക്ക ഏതെങ്കിലും സ്ഥലത്ത് പതിക്കേണ്ടതും, സീനിയർ വിവാഹ രജിസ്ട്രാർ മുൻപറഞ്ഞ നോട്ടീസിന്റെ ഒരു പകർപ്പ്, അതേ ജില്ലയിലെ മററ് വിവാഹ രജിസ്ട്രാർമാരിൽ ഓരോരുത്തർക്കും അയപ്പിക്കേണ്ടതും, അവർ അതേപ്രകാരം മുകളിൽ നിർദേശിച്ചിട്ടുള്ള രീതിയിൽ, അത് പ്രസിദ്ധപ്പെടുത്തേണ്ടതുമാകുന്നു.

17. നോട്ടീസ് നല്കിയതിന്റേയും പ്രഖ്യാപനം ചെയ്തതിന്റേയും സർട്ടിഫിക്കററ് നല്കൽ.— മുൻപറഞ്ഞതുപോലെയുള്ള ഏതെങ്കിലും വിവാഹം ആഘോഷിച്ചു കൊടുക്കാൻ സമ്മതിക്കുകയോ ഉദ്ദേശിക്കുകയോ ചെയ്യുന്ന ഏതെങ്കിലും മതപുരോഹിതൻ, നോട്ടീസ് നല്കിയതിന്റേയും വിവാഹത്തിന് ഉദ്ദേശിക്കുന്ന ആളുകളിൽ ഒരാൾ, അതിൽ ഇതിനുശേഷം ആവശ്യപ്പെടുന്ന പ്രഖ്യാപനം ചെയ്തിട്ടുള്ളതിന്റേയും ഒരു സർട്ടിഫിക്കററ്, അദ്ദേഹത്തിന്റെ ഒപ്പുവച്ച് നല്കണം എന്ന് അങ്ങനെയുള്ള ആൾ നോട്ടീസ് നല്കിയ ആളോ, അയാൾക്കുവേണ്ടിയോ ആവശ്യപ്പെടുകയും അങ്ങനെയുള്ള ആൾ അങ്ങനെയുള്ള പ്രഖ്യാപനം ചെയ്യുകയും ചെയ്യുന്നതിന്മേൽ, അപ്രകാരം സർട്ടിഫിക്കററ് നല്കേണ്ടതും ആകുന്നു:

(1) പരിമിതി വ്യവസ്ഥ.— എന്നാൽ, അങ്ങനെയുള്ള യാതൊരു സർട്ടിഫിക്കററും, അങ്ങനെയുള്ള മതപുരോഹിതന് നോട്ടീസ് കിട്ടിയ തീയതിക്ക് ശേഷം നാലു ദിവസം കഴിയുന്നതുവരെ നല്കാൻ പാടില്ലാത്തതും;

(2) അങ്ങനെയുള്ള സർട്ടിഫിക്കററ് നല്കാതിരിക്കാൻ നിയമാനുസൃതമായ വിഘ്നമുള്ളതായി അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്നവിധം കാണിച്ചിരിക്കാൻ പാടില്ലാത്തതും;

(3) അങ്ങനെയുള്ള സർട്ടിഫിക്കററ് നല്കുന്നത്, ഇതിൽ ഇതിനുശേഷം പറഞ്ഞിട്ടുള്ള രീതിയിൽ, വിലക്കാൻ പ്രാധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളാൽ വിലക്കപ്പെട്ടിരിക്കാൻ പാടില്ലാത്തതും,

ആകുന്നു.

18. സർട്ടിഫിക്കററ് നല്കുന്നതിനുമുമ്പുള്ള പ്രഖ്യാപനം.— 17-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കററ്, വിവാഹത്തിനുദ്ദേശിക്കുന്ന ആളുകളിൽ ഒരാൾ, മത പുരോഹിതന്റെ മുമ്പാകെ നേരിട്ട് ഹാജരാവുകയും—

(ക) മുൻപറഞ്ഞ വിവാഹത്തിന് കുലബന്ധത്തിൻേറയോ, വിവാഹ ബന്ധുത്വത്തിൻേറയോ ഏതെങ്കിലും വിഘാതമോ, മററു നിയമാനുസൃതമായ തടസ്സമോ ഇല്ലെന്ന്, അയാളോ അവളോ വിശ്വസിക്കുന്നുവെന്നും,

ഇരുകക്ഷികളിൽ ആരെങ്കിലും അല്ലെങ്കിൽ രണ്ടുപേരും മൈനറായിട്ടുള്ള സംഗതിയിൽ,

(ഖ) അതതു സംഗതിപോലെ, അതിന് നിയമം ആവശ്യപ്പെടുന്ന സമ്മതമോ സമ്മതങ്ങളോ ലഭിച്ചിട്ടുണ്ടെന്നും, അല്ലെങ്കിൽ അങ്ങനെയുള്ള സമ്മതം നല്കാൻ പ്രാധികാരമുള്ള യാതൊരാളും ഇൻഡ്യയിൽ താമസമില്ലെന്നും,

ഉള്ള ഒരു സഗൗരവ പ്രഖ്യാപനം ചെയ്യുകയും ചെയ്യുന്നതുവരെ നല്കാൻ പാടുള്ളതല്ല.

19. പിതാവിൻേറയോ, രക്ഷാകർത്താവിൻേറയോ, മാതാവിൻേറയോസമ്മതം.—ഏതെങ്കിലും മൈനറുടെ വിവാഹത്തിന് മൈനറുടെ പിതാവ് ജീവിച്ചിരിപ്പുണ്ടെങ്കിൽ, അയാൾക്കും, പിതാവ് മരിച്ചുപോയിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള മൈനറുടെ ശരീരത്തിൻെറ രക്ഷാകർത്താവിനും, അങ്ങനെയുള്ള യാതൊരു രക്ഷാകർത്താവും ഇല്ലെങ്കിൽ, അങ്ങനെയുള്ള മൈനറുടെ മാതാവിനും, സമ്മതം നല്കാവുന്നതും,

അങ്ങനെയുള്ള സമ്മതം നല്കുവാൻ പ്രാധികാരമുള്ള യാതൊരാളും ഇൻഡ്യയിൽ താമസമില്ലാത്ത സംഗതിയിലല്ലാത്തപക്ഷം അങ്ങനെയുള്ള സമ്മതം അങ്ങനെയുള്ള വിവാഹത്തിന് ഇതിനാൽ ആവശ്യമാക്കിയിരിക്കുന്നതുമാകുന്നു.

20. സർട്ടിഫിക്കററ് നല്കുന്നത് നോട്ടീസ് വഴി നിരോധിക്കാൻ ഉള്ള അധികാരം.— ഏതൊരാളുടെ സമ്മതമാണോ 19-ാം വകുപ്പിൻകീഴിൽ ഒരു വിവാഹത്തിന് ആവശ്യകമായിരിക്കുന്നത്, അങ്ങനെയുള്ള ഏതൊരാളേയും; ഏതെങ്കിലും പുരോഹിതൻ സർട്ടിഫിക്കററ് നല്കുന്നത്, അത് നല്കുന്നതിന് മുമ്പ് ഏതു സമയത്തും അങ്ങനെയുള്ള പുരോഹിതനുള്ള ലിഖിതമായ നോട്ടീസുവഴി നിരോധിക്കാൻ ഇതിനാൽ പ്രാധികാരപ്പെടുത്തിയിരിക്കുന്നതും, അങ്ങനെയുള്ള നോട്ടീസ് പ്രകാരം പ്രാധികാരപ്പെടുത്തപ്പെട്ട ആൾ, അയാളുടേയോ അവളുടേയോ പേരും വാസസ്ഥലവും വിവാഹത്തിന് ഉദ്ദേശിക്കുന്ന ഇരുവരിൽ ആരെയെങ്കിലും സംബന്ധിച്ചുള്ള തൻെറ ഏതു സ്ഥാനം കാരണമാണോ അയാളേയോ അവളേയോ മുൻപറഞ്ഞ പ്രകാരം പ്രാധികാരപ്പെടുത്തിയിട്ടുള്ളത്, ആ സ്ഥാനവും കാണിച്ച് ഒപ്പുവച്ചിട്ടുള്ളതായിരിക്കേണ്ടതും ആകുന്നു.

21. നോട്ടീസ് കിട്ടുന്നതിന്മേലുള്ള നടപടിക്രമം.—അങ്ങനെയുള്ള പുരോഹിതന് അങ്ങനെയുള്ള ഏതെങ്കിലും നോട്ടീസ് കിട്ടുന്നുവെങ്കിൽ, മുൻപറഞ്ഞ നിരോധക്കാര്യം താൻ പരിശോധിക്കുകയും വിവാഹം നിരോധിക്കുന്ന ആൾക്ക് നിരോധിക്കാൻ നിയമപരമായ യാതൊരു പ്രാധികാരവും ഇല്ലെന്ന് തനിക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുന്നതുവരേയോ, അല്ലെങ്കിൽ

മുൻപറഞ്ഞ നോട്ടീസ് അത് നല്കിയ ആൾ പിൻവലിക്കുന്നതുവരേയോ,

അദ്ദേഹം തൻെറ സർട്ടിഫിക്കററ് നല്കാൻ പാടില്ലാത്തതും, മുൻപറഞ്ഞ വിവാഹം ആഘോഷിച്ചുകൊടുക്കാൻ പാടില്ലാത്തതും ആകുന്നു.

22. മൈനാറിററിയുടെ സംഗതിയിൽ സർട്ടിഫിക്കററ് നല്കുന്നത്.—വിവാഹത്തിന് ഉദ്ദേശിക്കുന്ന ഇരുവരിൽ ഒരാൾ മൈനർ ആയിരിക്കുകയും, 19-ാം വകുപ്പ് അങ്ങനെയുള്ള വിവാഹത്തിന് ആവശ്യപ്പെടുന്നത് ആരുടെ സമ്മത

മാണോ ആ ആളുടെ സമ്മതം ലഭിച്ചിട്ടുണ്ടെന്ന് പുരോഹിതന് ബോദ്ധ്യപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള പുരോഹിതൻ, വിവാഹത്തിന്റെ നോട്ടീസ് തനിക്ക് കിട്ടിയതിനുശേഷം പതിന്നാലു ദിവസം കഴിയുന്നതുവരെ, അങ്ങനെയുള്ള സർട്ടിഫിക്കററ് നല്കാൻ പാടുള്ളതല്ല.

23. ഇൻഡ്യൻ ക്രിസ്ത്യാനികൾക്ക് സർട്ടിഫിക്കററ് നല്കുന്നത്.—വിവാഹം കഴിക്കാൻ പോകുന്ന ഏതെങ്കിലും ഇൻഡ്യൻ ക്രിസ്ത്യാനി, ഒരു മതപുരോഹിതന്റെ അടുക്കൽ വിവാഹത്തിന്റെ നോട്ടീസ് കൊണ്ടുചെല്ലുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള പുരോഹിതനിൽ നിന്ന് 17-ാം വകുപ്പിൻകീഴിലെ ഒരു സർട്ടിഫിക്കററിന് അപേക്ഷിക്കുകയോ ചെയ്യുമ്പോൾ, അങ്ങനെയുള്ള പുരോഹിതൻ, സർട്ടിഫിക്കററ് നല്കുന്നതിന് മുമ്പ്, അങ്ങനെയുള്ള ഇൻഡ്യൻ ക്രിസ്ത്യാനിയ്ക്ക്, അതതു സംഗതിപോലെ, മുൻപറഞ്ഞനോട്ടീസിന്റേയോ സർട്ടിഫിക്കററിന്റേയോ സാരത്തേയും പ്രഭാവത്തേയും കുറിച്ച് അറിവുണ്ടോ എന്ന് തിട്ടപ്പെടുത്തേണ്ടതും, അറിവില്ലെങ്കിൽ, ആ നോട്ടീസോ സർട്ടിഫിക്കററോ അങ്ങനെയുള്ള ഇൻഡ്യൻ ക്രിസ്ത്യാനിക്ക് മനസ്സിലാകുന്ന വല്ല ഭാഷയിലേയ്ക്കും തർജ്ജമ ചെയ്തുകൊടുക്കുകയോ കൊടുപ്പിക്കുകയോ ചെയ്യേണ്ടതും ആകുന്നു.

24. സർട്ടിഫിക്കററിന്റെ ഫാറം.— അങ്ങനെയുള്ള പുരോഹിതൻ നല്കുന്ന സർട്ടിഫിക്കററ്, ഇതോട് അനുബന്ധിച്ചിട്ടുള്ള രണ്ടാം പട്ടികയിൽ അടങ്ങിയ ഫാറത്തിലുള്ളതോ, ആ അർത്ഥത്തിലുള്ളതോ ആയിരിക്കേണ്ടതാകുന്നു.

25. വിവാഹം ആഘോഷിച്ചു കൊടുക്കൽ.—മതപുരോഹിതൻ സർട്ടിഫിക്കററ് നല്കിയതിനുശേഷം, അതിൽ വിവരിച്ചിരിക്കുന്ന ആളുകൾ തമ്മിൽ, സ്വീകരിക്കുന്നത് യുക്തമെന്ന് പുരോഹിതനു തോന്നുന്ന സംപ്രദായമോ അടിയന്തരമോ അനുസരിച്ച്, വിവാഹം ആഘോഷിച്ചുകൊടുക്കാവുന്നതാണ്:

എന്നാൽ, വിവാഹം ആഘോഷിച്ചുകൊടുക്കുന്നത് പുരോഹിതനു പുറമേ, ചുരുങ്ങിയത് രണ്ടുസാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ആയിരിക്കേണ്ടതാകുന്നു.

26. രണ്ടുമാസത്തിനുള്ളിൽ, വിവാഹം ആഘോഷിച്ചുകൊടുക്കുന്നില്ലെങ്കിൽ, സർട്ടിഫിക്കററ് ശൂന്യമാണെന്ന്.—ഒരു വിവാഹം, അങ്ങനെയുള്ള പുരോഹിതൻ മുൻപറഞ്ഞതുപോലെ സർട്ടിഫിക്കററ് നല്കിയ തീയതിക്കുശേഷം രണ്ടുമാസത്തിനുള്ളിൽ ആഘോഷിച്ചുകൊടുക്കപ്പെടാത്തപ്പോഴെല്ലാം, അങ്ങനെയുള്ള സർട്ടിഫിക്കററും അതിൻമേലുള്ള എല്ലാ നടപടികളും, (വല്ലതുമുണ്ടെങ്കിൽ) ശൂന്യമായിരിക്കുന്നതും, മുൻപറഞ്ഞരീതിയിൽ പുതിയ നോട്ടീസ് കൊടുക്കുകയും അതിന്റെ സർട്ടിഫിക്കററ് നല്കുകയും ചെയ്യുന്നതുവരെ, യാതൊരാളും മുൻപറഞ്ഞ വിവാഹം ആഘോഷിച്ചുകൊടുക്കുന്നതിന് മുതിരാൻ പാടില്ലാത്തതുമാകുന്നു.

## ഭാഗം IV

## മതപുരോഹിതൻമാർ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേഷൻ

27. വിവാഹങ്ങൾ എപ്പോൾ രജിസ്ററർചെയ്യണമെന്ന്.—രണ്ടിൽ ഒരാളോ രണ്ടുപേരുമോ, ക്രിസ്തുമതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നവരായ രണ്ടു ആളുകൾ തമ്മിൽ ഇതിനുശേഷം ഇൻഡ്യയിൽവച്ച് ആഘോഷിക്കപ്പെടുന്നതും, ഈ ആക്ററിന്റെ V-ാം ഭാഗത്തിനോ VI-ാം ഭാഗത്തിനോ കീഴിൽ ആഘോഷിച്ചു

കൊടുക്കപ്പെടുന്ന വിവാഹങ്ങൾ ഒഴികെയുള്ളതുമായ എല്ലാ വിവാഹങ്ങളും, ഇതിൽ ഇതിനുശേഷം നിർണ്ണയിച്ചിട്ടുള്ള രീതിയിൽ രജിസ്റ്റർ ചെയ്യേണ്ടതാകുന്നു.

28. ചർച്ച് ആഫ് ഇംഗ്ലണ്ടിന്റെ വൈദികൻ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേഷൻ.—ചർച്ച് ആഫ് ഇംഗ്ലണ്ടിന്റെ ഏതൊരു വൈദികനും വിവാഹങ്ങളുടെ ഒരു രജിസ്റ്റർ വച്ചുപോരേണ്ടതും, അതിൽ ഈ ആക്റ്റിൻകീഴിൽ അദ്ദേഹം ആഘോഷിച്ചുകൊടുക്കുന്ന ഏതൊരു വിവാഹവും ഇതോടനുബന്ധിച്ചുള്ള മൂന്നാം പട്ടികയിൽ കൊടുത്തിട്ടുള്ള ടാബുലർ ഫാറം അനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതുമാകുന്നു.

29. ആർച്ച് ഡീക്കൺറിക്കുള്ള ത്രൈമാസിക റിട്ടേണുകൾ.—ചർച്ച് ആഫ് ഇംഗ്ലണ്ടിന്റെ ഏതൊരു വൈദികനും, തനിക്ക് ഏതെങ്കിലും ആത്മീയമായ ചാർജ്ജുള്ള ഏതെങ്കിലും സ്ഥലത്തുവച്ച്, ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങളുടെ രജിസ്റ്ററിലെ ഉൾക്കുറിപ്പുകളുടെ, തന്റെ ഒപ്പുവഴി പ്രമാണീകരിച്ച ഡ്യൂപ്ലിക്കേററിലുള്ള റിട്ടേണുകൾ, ഓരോ വർഷവും നാലുപ്രാവശ്യം, താൻ ഏത് ആർച്ച് ഡീക്കൺറിക്ക് കീഴിലാണോ ഉള്ളത്, അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥലം ഏത് ആർച്ച് ഡീക്കൺറിയുടെ അതിർത്തികൾക്കുള്ളിലാണോ സ്ഥിതിചെയ്യുന്നത്; ആ ആർച്ച് ഡീക്കൺറിയുടെ രജിസ്ട്രാർക്ക്, അയച്ചുകൊടുക്കേണ്ടതാകുന്നു.

റിട്ടേണുകളുടെ ഉള്ളടക്കം.—അങ്ങനെയുള്ള ത്രൈമാസിക റിട്ടേണുകളിൽ മുൻപറഞ്ഞ രജിസ്റ്ററിൽ അടങ്ങുന്ന ഓരോ വർഷത്തേയും യഥാക്രമം ജനുവരി ഒന്നാം ദിവസം മുതൽ മാർച്ച് മുപ്പത്തൊന്നാം ദിവസംവരെയും, ഏപ്രിൽ ഒന്നാം ദിവസം മുതൽ ജൂൺ മുപ്പതാം ദിവസംവരേയും, ജൂലൈ ഒന്നാം ദിവസം മുതൽ സെപ്റ്റംബർ മുപ്പതാം ദിവസംവരേയും, അക്ടോബർ ഒന്നാംദിവസം മുതൽ ഡിസംബർ മുപ്പത്തൊന്നാം ദിവസംവരേയും ഉള്ള എല്ലാ വിവാഹങ്ങളുടെ ഉൾക്കുറിപ്പുകളും അടങ്ങിയിരിക്കേണ്ടതും, അവ അങ്ങനെയുള്ള വൈദികൻമുകളിൽ വിനിർദ്ദേശിക്കപ്പെട്ട ഓരോ മൂന്നുമാസവും കഴിഞ്ഞ് രണ്ട് ആഴ്ചയ്ക്കുള്ളിൽ അയക്കേണ്ടതും ആകുന്നു.

മുൻപറഞ്ഞ റിട്ടേണുകൾകിട്ടുന്നതോടെ മുൻപറഞ്ഞരജിസ്ട്രാർ അവയുടെ പകർപ്പ്, ജനനമരണവിവാഹ രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കേണ്ടതാകുന്നു.

30. ചർച്ച് ആഫ് റോമിലെ വൈദികൻ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേഷനും റിട്ടേണുകളും.—ചർച്ച് ആഫ് റോമിലെ വൈദികൻ ആഘോഷിച്ചുകൊടുക്കുന്ന ഏതൊരു വിവാഹവും, അങ്ങനെയുള്ള വിവാഹം ആഘോഷിച്ചുകൊടുക്കപ്പെടുന്ന ഇടവകയുടേയോ വികാരിയേററിന്റേയോ, റോമൻകത്തോലിക്കാ ബിഷപ്പ്, അതിലേക്കായി നിർദേശിക്കുന്ന ആളാലും; ഫാറം അനുസരിച്ചും രജിസ്റ്റർ ചെയ്യപ്പെടേണ്ടതും;

അങ്ങനെയുള്ള ആൾ, തൊട്ടുമുമ്പുള്ള മൂന്നുമാസങ്ങളിൽ താൻ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിവാഹങ്ങളുടേയും ഉൾക്കുറിപ്പുകളുടെ റിട്ടേണുകൾ ത്രൈമാസികമായി, ജനനമരണവിവാഹരജിസ്ട്രാർ ജനറലിന്, അയക്കേണ്ടതുമാകുന്നു.

31. ചർച്ച് ആഫ് സ്കാട്ട്ലണ്ടിലെ വൈദികൻ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേഷനും റിട്ടേണുകളും.—ചർച്ച ആഫ് സ്കാട്ട്ലണ്ടിലെ ഏതൊരു വൈദികനും, വിവാഹങ്ങളുടെ ഒരു രജിസ്റ്റർ വച്ചുപോരേണ്ടതും, അതിൽ ഈ ആക്റ്റിൻകീഴിൽ താൻ ആഘോഷിച്ചുകൊടു

ക്കുന്ന ഏതൊ വിവാഹവും, ഇതോട് അനുബന്ധിച്ചിട്ടുള്ള മൂന്നാം പട്ടികയിൽകൊടുത്ത ടാബുലർ ഫാറമനുസരിച്ച്, രജിസ്ററർ ചെയ്യേണ്ടതും,

അങ്ങനെയുള്ള എല്ലാ വിവാഹങ്ങളുടേയും, 29-ാം വകുപ്പിൽ നിർണ്ണയിക്കപ്പെട്ടതിന് സദൃശമായ, റിട്ടേണുകൾ, ജനനമരണവിവാഹ രജിസ്ട്രാർ ജനറലിന്, ചർച്ച് അഫ് സ്കാട്ലണ്ടിലെ സീനിയർ ചാപ്ലിൻമുഖേന ത്രൈമാസികമായി അയക്കേണ്ടതുമാകുന്നു.

32. ചില വിവാഹങ്ങൾ ഡൂപ്ലിക്കേററിൽ രജിസ്ററർ ചെയ്യണമെന്ന്.—ബിഷപ്പിൽ നിന്നു പട്ടം കിട്ടിയിട്ടുള്ള, എന്നാൽ ചർച്ച് അഫ് ഇംഗ്ലണ്ടിലേയോ ചർച്ച് ആഫ് റോമിലേയോ വൈദികൻ അല്ലാത്ത, ഏതെങ്കിലും ആളോ, അല്ലെങ്കിൽ വിവാഹം ആഘോഷിച്ചുകൊടുക്കുവാൻ ഈ ആക്ററിൻകീഴിൽ ലൈസൻസ് നല്കപ്പെട്ടിട്ടുള്ള ഏതെങ്കിലും മതപുരോഹിതനോ ആഘോഷിച്ചുകൊടുക്കുന്ന ഏതൊരു വിവാഹവും, അത് ആഘോഷിക്കപ്പെട്ടു കഴിഞ്ഞാലുടനെ, അത് ആഘോഷിച്ചുകൊടുക്കുന്ന ആൾ ഡ്യൂപ്ലിക്കേററിൽ—(അതായത്) അതിനുവേണ്ടി ഇതോട് അനുബന്ധിച്ചിട്ടുള്ള നാലാം പട്ടികയിൽ അടങ്ങിയ ഫാറമനുസരിച്ച് അദ്ദേഹം വച്ചുപോരേണ്ട ഒരു വിവാഹരജിസ്ററർ ബുക്കിലും, കൂടാതെ കൗണ്ടർഫോയിൽ ആയി വിവാഹ രജിസ്ററർ ബുക്കിനോട് ബദ്ധമായ ഒരു സർട്ടിഫിക്കററിലും—രജിസ്ററർ ചെയ്യേണ്ടതാകുന്നു.

33. അങ്ങനെയുള്ള വിവാഹങ്ങളുടെ ഉൾക്കുറിപ്പുകൾ ഒപ്പുവയ്ക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യണമെന്ന്.—സർട്ടിഫിക്കററിലും വിവാഹരജിസ്ററർ ബുക്കിലുമുള്ള അങ്ങനെയുള്ള വിവാഹത്തിന്റെ ഉൾക്കുറിപ്പ്, വിവാഹം ആഘോഷിച്ചുകൊടുക്കുന്ന ആളും, കൂടാതെ വിവാഹിതരായ ആളുകളും ഒപ്പുവയ്ക്കേണ്ടതും, വിവാഹം ആഘോഷിച്ചുകൊടുക്കുന്ന സമയത്ത് സന്നിഹിതരായിരുന്ന, ആഘോഷിച്ചുകൊടുക്കുന്ന ആളല്ലാത്ത രണ്ടു വിശ്വാസ്യരായ സാക്ഷികൾ സാക്ഷ്യപ്പെടുത്തേണ്ടതും ആകുന്നു.

അങ്ങനെയുള്ള ഏതൊരു ഉൾക്കുറിപ്പും, ബുക്കിന്റെ തുടക്കം മുതൽ അവസാനംവരെ, ക്രമമായി ചേർക്കേണ്ടതും, സർട്ടിഫിക്കററിന്റെ നമ്പർ, വിവാഹ രജിസ്ററർ ബുക്കിലെ ഉൾക്കുറിപ്പിന്റെ നമ്പരുമായി പൊരുത്തപ്പെടേണ്ടതുമാകുന്നു.

34. സർട്ടിഫിക്കററ് വിവാഹ രജിസ്ട്രാർക്ക് അയക്കുകയും പകർത്തുകയും രജിസ്ട്രാർ ജനറലിന് അയക്കുകയും ചെയ്യണമെന്ന്.—വിവാഹം ആഘോഷിച്ചുകൊടുക്കുന്ന ആൾ, ഉടനടി വിവാഹരജിസ്ററർ ബുക്കിൽനിന്ന് സർട്ടിഫിക്കററ് വേർപെടുത്തേണ്ടതും, വിവാഹം ആഘോഷിക്കപ്പെട്ട സമയം മുതൽ ഒരു മാസത്തിനുള്ളിൽ വിവാഹം ആഘോഷിക്കപ്പെട്ട ജില്ലയിലെ വിവാഹ രജിസ്ട്രാർക്കോ, ഒന്നിലധികം വിവാഹരജിസ്ട്രാർമാർ ഉണ്ടെങ്കിൽ, സീനിയർ വിവാഹരജിസ്ട്രാർക്കോ അയച്ചുകൊടുക്കേണ്ടതും,

അയാൾ, അങ്ങനെയുള്ള സർട്ടിഫിക്കററ്, അതിനുവേണ്ടി അയാൾ വച്ചുപോരേണ്ട ഒരു ബുക്കിൽ പകർത്തിക്കേണ്ടതും,

ആ മാസത്തിൽ അയാൾക്ക് കിട്ടിയിട്ടുള്ള എല്ലാ സർട്ടിഫിക്കററുകളും, അവയോട് ചേർത്ത് ഇതിൽ ഇതിനുശേഷം ആവശ്യപ്പെടുന്ന നമ്പരും ഒപ്പും അല്ലെങ്കിൽ ചുരുക്കൊപ്പും സഹിതം ജനനമരണവിവാഹ രജിസ്ട്രാർ ജനറൽക്ക് അയച്ചു കൊടുക്കേണ്ടതുമാകുന്നു.

35. സർട്ടിഫിക്കററുകളുടെ പകർപ്പുകൾ ചേർക്കുകയും അവയ്ക്ക് നമ്പരിടുകയും വേണമെന്ന്.—അങ്ങനെയുള്ള പകർപ്പുകൾ, മുൻപറഞ്ഞ ബുക്കിന്റെ തുടക്കം മുതൽ അവസാനംവരെ ക്രമമായി ചേർക്കേണ്ടതും, അവയിൽ

പകർത്തിയപ്രകാരമുള്ള സർട്ടിഫിക്കററിന്റെ നമ്പരും, കൂടാതെ, ഓരോ സർട്ടിഫിക്കററും വിവാഹരജിസ്ട്രാർക്ക് കിട്ടുന്ന ക്രമമനുസരിച്ചുള്ള മുൻപറഞ്ഞ ബുക്കിലെ മുൻപറഞ്ഞ പകർപ്പിന്റെ ഉൾക്കുറിപ്പിന്റെ നമ്പരിനെ സൂചിപ്പിക്കുന്നതും അയാൾ ചേർക്കേണ്ടതുമായ ഒരു നമ്പരും, ഉണ്ടായിരിക്കേണ്ടതുമാകുന്നു.

36. രജിസ്ട്രാർ സർട്ടിഫിക്കററിനോട് ഉൾക്കുറിപ്പു നമ്പർ ചേർക്കുകയും, അത് രജിസ്ട്രാർ ജനറലിന് അയക്കുകയും ചെയ്യണമെന്ന്.—വിവാഹരജിസ്ട്രാർ, ആ ബുക്കിലെ പകർപ്പിന്റെ ഉൾക്കുറിപ്പിന്റെ ഒടുവിൽപറഞ്ഞ നമ്പർ, തന്റെ ഒപ്പോ ചുരുക്കൊപ്പോ സഹിതം, സർട്ടിഫിക്കററിനോട് ചേർക്കേണ്ടതും, ഓരോ മാസത്തിന്റേയും അവസാനം അത് ജനനമരണവിവാഹരജിസ്ട്രാർ ജനറൽക്ക് അയച്ചുകൊടുക്കേണ്ടതുമാകുന്നു.

37. 5-ാം വകുപ്പിന്റെ (1)-ം (2)-ം (3)-ം ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ആളുകൾ, ഇൻഡ്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത്.—ഇൻഡ്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള ഏതെങ്കിലും വിവാഹം 5-ാം വകുപ്പിന്റെ (1)-ാം ഖണ്ഡത്തിലോ (2)-ാംഖണ്ഡത്തിലോ (3)-ാം ഖണ്ഡത്തിലോ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും ആളോ, വൈദികനോ മതപുരോഹിതനോ ആഘോഷിച്ചുകൊടുക്കുമ്പോൾ, അത് ആഘോഷിച്ചുകൊടുക്കുന്ന ആൾ, 28 മുതൽ 36വരെ വകുപ്പുകൾ, രണ്ടും ഉൾപ്പെടെ, വ്യവസ്ഥചെയ്യുന്ന രീതിയിൽ നടപടിയെടുക്കുന്നതിനുപകരം, വിവാഹം ഒരു പ്രത്യേക രജിസ്റ്റർ ബുക്കിൽ രജിസ്റ്റർ ചെയ്യേണ്ടതും, അത് പൂർത്തിയാകുന്നതുവരെ സുരക്ഷിതമായി വച്ചുപോരേണ്ടതും, അല്ലെങ്കിൽ, മുൻപറഞ്ഞ ബുക്ക് പൂർത്തിയാകുന്നതിനുമുമ്പ് ആ വിവാഹം താൻ ആഘോഷിച്ചുകൊടുക്കുന്ന ജില്ലയിൽനിന്ന് അദ്ദേഹം, വിട്ടുപോകുന്നുവെങ്കിൽ, അതു മുൻപറഞ്ഞ ജില്ലയിൽ തന്റെ കർത്തവ്യങ്ങൾ സംബന്ധിച്ചു പിൻഗാമിയാകുന്ന ആൾക്ക് ഏല്പിച്ചുകൊടുക്കേണ്ടതുമാകുന്നു.

രജിസ്റ്റർ ബുക്കിന്റെ സൂക്ഷിപ്പും അത് എന്തു ചെയ്യണം എന്നും.—ആ ബുക്ക് പൂർത്തിയാകുന്ന സമയത്ത്, അതിന്റെ നിയന്ത്രണം ഉള്ള ഏതൊരാളും, അത് ആ ജില്ലയിലെ വിവാഹ-രജിസ്ട്രാർക്കോ, ഒന്നിലധികം വിവാഹ രജിസ്ട്രാർമാർ ഉണ്ടെങ്കിൽ സീനിയർ വിവാഹരജിസ്ട്രാർക്കോ അയച്ചുകൊടുക്കേണ്ടതും, അയാൾ അത് ജനന-മരണ-വിവാഹ-രജിസ്ട്രാർ ജനറൽക്ക്, അയാളുടെ ആഫീസിലെ റിക്കാർഡുകളോടൊപ്പം സൂക്ഷിക്കുന്നതിനായി അയച്ചുകൊടുക്കേണ്ടതും ആകുന്നു.

## ഭാഗം V

## ഒരു വിവാഹരജിസ്ട്രാറാലോ അയാളുടെ സാന്നിദ്ധ്യത്തിലോ ആഘോഷിച്ചുകൊടുക്കപ്പെടുന്ന വിവാഹങ്ങൾ

38. വിവാഹരജിസ്ട്രാറുടെ മുമ്പാകെ ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ്.— ഒരു വിവാഹം വിവാഹരജിസ്ട്രാറാലോ അയാളുടെ സാന്നിദ്ധ്യത്തിലോ ആഘോഷിക്കപ്പെടാൻ ഉദ്ദേശിച്ചിരിക്കുമ്പോൾ, അങ്ങനെയുള്ള വിവാഹത്തിലെ കക്ഷികളിൽ ഒരാൾ, ഇതോടനുബന്ധിച്ചിട്ടുള്ള ഒന്നാംപട്ടികയിൽ അടങ്ങിയ ഫാറത്തിലോ ആ അർത്ഥത്തിലോ ഉള്ള ലിഖിതമായ നോട്ടീസ്, കക്ഷികൾ വസിച്ചിട്ടുള്ള ജില്ലയിലെ ഏതെങ്കിലും വിവാഹരജിസ്ട്രാർക്ക് നല്കേണ്ടതും, അല്ലെങ്കിൽ,

കക്ഷികൾ വ്യത്യസ്തജില്ലകളിൽ വസിക്കുന്നുവെങ്കിൽ, ഓരോ ജില്ലയിലേയും ഒരു വിവാഹരജിസ്ട്രാർക്ക് സദൃശമായ നോട്ടീസ് നല്കേണ്ടതും,

അതിൽ, വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിൽ ഓരോരുത്തരുടേയും, പേരും ഇരട്ടപ്പേരും, വൃത്തിയും, അല്ലെങ്കിൽ സ്ഥിതിയും, അവരിൽ ഓരോരുത്തരുടേയും വാസസ്ഥലവും അവിടെ ഓരോരുത്തരും താമസിച്ചിരുന്ന കാലവും, വിവാഹം ആഘോഷിക്കപ്പെടേണ്ടസ്ഥലവും പ്രസ്താവിക്കേണ്ടതുമാകുന്നു:

എന്നാൽ, ഇരുകക്ഷികളിൽ ആരെങ്കിലും, നോട്ടീസിൽ പറഞ്ഞിട്ടുള്ള സ്ഥലത്ത് ഒരു മാസത്തിലധികം വസിച്ചിട്ടുണ്ടെങ്കിൽ, അയാളോ അവളോ അവിടെ ഒരു മാസവും അതിലധികവും വസിച്ചിട്ടുണ്ടെന്ന് അതിൽ പറയാവുന്നതാണ്.

39. നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നത്.— അങ്ങനെയുള്ള ഏതെങ്കിലും നോട്ടീസ് കിട്ടുന്നതിൻമേൽ ഏതൊരു വിവാഹരജിസ്ട്രാറും, അതിന്റെ ഒരു പകർപ്പ് തന്റെ ആഫീസിൽ ശ്രദ്ധയാകർഷിക്കത്തക്ക ഏതെങ്കിലും സ്ഥലത്ത് പതിപ്പിക്കേണ്ടതാകുന്നു.

വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിലൊരാൾ മൈനറായിരിക്കുമ്പോൾ ഏതൊരു വിവാഹരജിസ്ട്രാറും, അങ്ങനെയുള്ള വിവാഹത്തിന്റെ നോട്ടീസ് തനിക്ക് കിട്ടിയതിനുശേഷം ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ, അങ്ങനെയുള്ള നോട്ടീസിന്റെ പകർപ്പ് അതേ ജില്ലയിലെ മററു വിവാഹ രജിസ്ട്രാർമാരിൽ (വല്ലവരും ഉണ്ടെങ്കിൽ) ഓരോരുത്തനും തപാൽ വഴിയോ മററുവിധത്തിലോ അയച്ചുകൊടുക്കേണ്ടതും, അയാൾ അതേപ്രകാരം ആ പകർപ്പ് തന്റെ സ്വന്തം ആഫീസിൽ ശ്രദ്ധയാകർഷിക്കത്തക്ക വല്ലസ്ഥലത്തും പതിക്കേണ്ടതുമാകുന്നു.

40. നോട്ടീസ് ഫയൽ ചെയ്യുകയും പകർപ്പ് വിവാഹനോട്ടീസ് ബുക്കിൽ ചേർക്കുകയും ചെയ്യണമെന്ന്.—വിവാഹ രജിസ്ട്രാർ, അങ്ങനെയുള്ള എല്ലാ നോട്ടീസുകളും ഫയൽചെയ്യുകയും അവ തന്റെ ആഫീസിലെ റിക്കാർഡുകളോടൊപ്പം സൂക്ഷിക്കുകയും ചെയ്യേണ്ടതും,

കൂടാതെ, ഉടനടി, അങ്ങനെയുള്ള എല്ലാ നോട്ടീസുകളുടേയും ഒരു ശരിപകർപ്പ്, അതു ചേർക്കുന്നതിലേയ്ക്കായി സ്റേററ് ഗവൺമെൻറ് അയാൾക്കു നല്കേണ്ടതും; "വിവാഹനോട്ടീസ് ബുക്ക്" എന്ന് പേർ പറയപ്പെടേണ്ടതുമായ ഒരു ബുക്കിൽ ചേർക്കേണ്ടതും;

വിവാഹനോട്ടീസ് ബുക്ക്, അത് പരിശോധിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ ആളുകൾക്കും ഫീസ് കൂടാതെ, ന്യായമായ എല്ലാ സമയങ്ങളിലും, പ്രാപ്യമായിരിക്കുന്നതും ആകുന്നു.

41. നോട്ടീസ് നല്കിയതിന്റേയും ശപഥം ചെയ്തതിന്റേയും സർട്ടിഫിക്കററ്.— നോട്ടീസ് നല്കിയ കക്ഷി, ഇതിനുശേഷം അടുത്തു പറയുന്ന സർട്ടിഫിക്കററ് നല്കാൻ വിവാഹ രജിസ്ട്രാറോട് അപേക്ഷിക്കുകയും, വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിൽ ഒരാൾ, ഇതിൽ ഇതിനുശേഷം ആവശ്യപ്പെടുന്നതുപോലെ ശപഥം ചെയ്തിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള നോട്ടീസ് നല്കിയിട്ടുണ്ടെന്നും അങ്ങനെയുള്ള ശപഥം ചെയ്തിട്ടുണ്ടെന്നും ഉള്ളതിന്ന്, തന്റെ ഒപ്പുവച്ച ഒരു സർട്ടിഫിക്കററ്, വിവാഹരജിസ്ട്രാർ നല്കേണ്ടതാകുന്നു:

പരിമിതിവ്യവസ്ഥ.—എന്നാൽ അങ്ങനെയുള്ള സർട്ടിഫിക്കററ് നല്കാതിരിക്കാൻ നിയമാനുസൃതമായ വിഘാതം ഉള്ളതായി അയാൾക്ക് ബോദ്ധ്യപ്പെടുന്നവിധം കാണിച്ചിരിക്കാൻ പാടില്ലാത്തതും;

അങ്ങനെയുള്ള സർട്ടിഫിക്കററ് നല്കുന്നത്, ഇതിൽ ഇതിനുശേഷം പറഞ്ഞിട്ടുള്ള രീതിയിൽ, ഈ ആക്ററിൻ കീഴിൽ വിലക്കാൻ പ്രാധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളാൽ വിലക്കപ്പെട്ടിരിക്കാൻ പാടില്ലാത്തതും;

നോട്ടീസ് കിട്ടിയതിനുശേഷം നാലുദിവസം കഴിഞ്ഞിരിക്കേണ്ടതും;

എന്നുമാത്രമല്ല;

വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിൽ ഒരാൾ മൈനർ ആണെന്ന് അങ്ങനെയുള്ള ശപഥത്താൽ കാണുന്നിടത്ത്, അങ്ങനെയുള്ള നോട്ടീസ് ചേർത്തതിനുശേഷം പതിനാലുദിവസം കഴിഞ്ഞിരിക്കേണ്ടതും,

ആകുന്നു.

42. സർട്ടിഫിക്കററ് നല്കുന്നതിനുമുമ്പുള്ള ശപഥം.— ഏതെങ്കിലും വിവാഹരജിസ്ട്രാർ, 41-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കററ്, വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിൽ ഒരാൾ, അങ്ങനെയുള്ള വിവാഹരജിസ്ട്രാറുടെ മുമ്പാകെ നേരിട്ട് ഹാജരാവുകയും,—

(ക) മുൻപറഞ്ഞ വിവാഹത്തിന്, ഏതെങ്കിലും കുലബന്ധത്തിൻേറയോ വിവാഹബന്ധുത്വത്തിൻേറയോ ഏതെങ്കിലും വിഘാതമോ, മററു നിയമാനുസൃതമായ തടസ്സമോ ഇല്ലെന്ന് അയാളോ അവളോ വിശ്വസിക്കുന്നുവെന്നും,

(ഖ) ഇരു കക്ഷികളുടേയും, അല്ലെങ്കിൽ (അവർ വ്യത്യസ്ത വിവാഹരജിസ്ട്രാർമാരുടെ ജില്ലകളിൽ വസിച്ചിട്ടുള്ളിടത്ത്) അങ്ങനെയുള്ള ശപഥം ചെയ്യുന്ന കക്ഷിയുടെ സാധാരണവാസസ്ഥലം അങ്ങനെയുള്ള വിവാഹരജിസ്ട്രാറുടെ ജില്ലക്കുള്ളിൽ ആയിരുന്നിട്ടുണ്ടെന്നും,

ഇരുകക്ഷികളിൽ ഏതെങ്കിലും ഒരാളോ ഓരോരുത്തരുമോ മൈനർ ആയിട്ടുള്ളിടത്ത്—

(ഗ) അതതുസംഗതിപോലെ, അങ്ങനെയുള്ള വിവാഹത്തിന് നിയമം അതിലേയ്ക്ക് ആവശ്യപ്പെടുന്ന സമ്മതമോ സമ്മതങ്ങളോ ലഭിച്ചിട്ടുണ്ടെന്നും, അല്ലെങ്കിൽ, അങ്ങനെയുള്ള സമ്മതം നല്കുവാൻ പ്രാധികാരമുള്ള യാതൊരാളും ഇൻഡ്യയിൽ താമസമില്ലെന്നോ ശപഥം ചെയ്യുകയും,

ചെയ്യുന്നതുവരെ, നല്കാൻ പാടുള്ളതല്ല.

43. പതിന്നാലു ദിവസത്തിലും കുറഞ്ഞ സമയത്തിനുള്ളിൽ സർട്ടിഫിക്കററിന് ഉത്തരവുണ്ടാകുന്നതിന് ഹൈക്കോടതിക്കുള്ള ഹർജി.— വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിൽ ഒരാൾ മൈനറായിരിക്കുകയും, അങ്ങനെയുള്ള കക്ഷികൾ ഇരുവരും ആ സമയത്ത് കൽക്കട്ട, മദ്രാസ്, ബോംബേ എന്നീ നഗരങ്ങളിൽ ഏതിലെങ്കിലും താമസമുള്ളവരും, മുൻപറഞ്ഞപോലെയുള്ള നോട്ടീസ് ചേർത്തതിനുശേഷം പതിന്നാലുദിവസത്തിലും കുറഞ്ഞ സമയത്തിനുള്ളിൽ വിവാഹിതരാകാൻ ആഗ്രഹിക്കുന്നവരും ആയിരിക്കുകയും ചെയ്യുമ്പോൾ, വിവാഹനോട്ടീസ് നല്കപ്പെട്ടിട്ടുള്ള ഒരു വിവാഹരജിസ്ട്രാറോട് 41-ാം വകുപ്പ് ആവശ്യപ്പെടുന്ന മുൻപറഞ്ഞ പതിന്നാലുദിവസം കഴിയുന്നതിനുമുമ്പായി അയാൾ സർട്ടിഫിക്കററ് നല്കാൻ നിർദേശിക്കുന്ന ആൾക്കുള്ള ഒരു ഉത്തരവിനായി ഹൈക്കോടതിയിലെ ഒരു ജഡ്ജിയോട് ഹർജിവഴി അവർക്ക് അപേക്ഷിക്കാവുന്നതാണ്.

ഹർജിയിൻമേലുള്ള ഉത്തരവ്.—മതിയായ കാരണം കാണിക്കപ്പെടുന്നതിൻ മേൽ മുൻപറഞ്ഞ ജഡ്ജിക്ക് സ്വവിവേകം ഉപയോഗിച്ച്, അങ്ങനെയുള്ള വിവാഹരജിസ്ട്രാറോട്, അപ്രകാരം ആവശ്യകമായ പതിന്നാലുദിവസം കഴിയുന്നതിനുമുമ്പുള്ള ഏതെങ്കിലും സമയത്ത്,–അത് ഉത്തരവിൽ പറഞ്ഞിരിക്കേണ്ടതാണ്–അയാളുടെ സർട്ടിഫിക്കററ് നല്കാൻ നിദേശിക്കുന്ന അയാറം ക്കുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതും,

മുൻപറഞ്ഞ വിവാഹ രജിസ്ട്രാർ, മുൻപറഞ്ഞ ഉത്തരവ് കിട്ടുന്നതിൻമേൽ അതിനനുസൃതമായി, തന്റെ സർട്ടിഫിക്കററ് നല്കേണ്ടതുമാകുന്നു.

44. പിതാവിൻേറയോ രക്ഷാകർത്താവിൻേറയോ സമ്മതം.— വിവാഹത്തിലെ ഇരുകക്ഷികളിൽ ആരെങ്കിലും മൈനർ ആയിട്ടുള്ള, ഈ ഭാഗത്തിൻ കീഴിലെ ഏതൊരു വിവാഹത്തിനും 19-ാം വകുപ്പിലെ വ്യവസ്ഥകറം ബാധകമായിരിക്കുന്നതും;

സർട്ടിഫിക്കററ് പുറപ്പെടുവിക്കുന്നതിനെതിരായുള്ള പ്രതിഷേധം.— ഏതാളുടെ സമ്മതമാണോ, അതിൻകീഴിൽ അങ്ങനെയുള്ള വിവാഹത്തിന് ആവശ്യമാകുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആറംക്ക്, വിവാഹ രജിസ്ട്രാറുടെ സർട്ടിഫിക്കററ് നല്കുന്നതിനെതിരായി ഒരു പ്രതിഷേധം കുറിക്കാവുന്നതും, അങ്ങനെ പ്രതിഷേധം കുറിക്കുന്നത് അങ്ങനെയുള്ള സർട്ടിഫിക്കററ് നല്കുന്നതിനു മുമ്പുള്ള ഏതെങ്കിലും സമയത്ത്, വിവാഹനോട്ടീസ് ബുക്കിൽ അങ്ങനെയുള്ള ഉദ്ദിഷ്ട വിവാഹനോട്ടീസ് ചേർത്തതിൻെറ നേരേ 'വിലക്കിയിരിക്കുന്നു' എന്ന വാക്ക് എഴുതിയും, അയാളുടേയോ അവളുടേയോ പേരും വാസസ്ഥലവും, ഇരുകക്ഷികളിൽ ആരെയെങ്കിലും സംബന്ധിച്ചുള്ള തൻെറ ഏതു സ്ഥാനം കാരണമായാണോ, അയാളോ അവളോ അപ്രകാരം പ്രാധികാരപ്പെടുത്തപ്പെട്ടിരിക്കുന്നത്, ആ സ്ഥാനവും കാണിച്ച് ഒപ്പുവച്ചും ആയിരിക്കേണ്ടതും ആകുന്നു.

പ്രതിഷേധത്തിൻെറ പ്രഭാവം.—അങ്ങനെയുള്ള പ്രതിഷേധം കുറിക്കപ്പെട്ടിരിക്കുമ്പോറം, പ്രതിഷേധത്തിൻെറ കാര്യം വിവാഹ-രജിസ്ട്രാർ പരിശോധിക്കുകയും, അത് മുൻപറഞ്ഞ വിവാഹത്തിനുള്ള സർട്ടിഫിക്കററ് നല്കുന്നതിനെ തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ലെന്ന് തനിക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുന്നതുവരേയോ, പ്രതിഷേധം കുറിച്ച ആറം അത് പിൻവലിക്കുന്നതുവരേയോ, യാതൊരു സർട്ടിഫിക്കററും നല്കപ്പെടാൻ പാടുള്ളതല്ല.

45. ആരുടെ സമ്മതമാണോ ആവശ്യമായിട്ടുള്ളത്, അയാറം ചിത്തഭ്രമമുള്ളവനായിരിക്കുകയോ, അന്യായമായി സമ്മതം നല്കാതിരിക്കുകയോ ചെയ്യുന്നിടത്തെ ഹർജി.—ആരുടെ സമ്മതമാണോ ഈ ഭാഗത്തിൻകീഴിൽ ഏതെങ്കിലും വിവാഹത്തിന് ആവശ്യമായിട്ടുള്ളത്, ആ ആറം, ചിത്തഭ്രമമുള്ളവനായിരിക്കുകയോ, അല്ലെങ്കിൽ,

(പിതാവല്ലാത്ത) അങ്ങനെയുള്ള ഏതെങ്കിലും ആറം ന്യായമായ കാരണം കൂടാതെ വിവാഹത്തിനുള്ള, അയാളുടെ സമ്മതം നല്കാതിരിക്കുകയോ, ചെയ്യുന്നുവെങ്കിൽ,

വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികറംക്ക്, ആരുടെ സമ്മതമാണോ ആവശ്യമായിരിക്കുന്നത്, ആ ആറം, കൽക്കട്ട മദ്രാസ്, ബോംബെ എന്നീ നഗരങ്ങളിൽ ഏതിലെങ്കിലും താമസമുള്ളവനായിരിക്കുന്നിടത്ത്, ഹൈക്കോടതിയിലെ ഒരു ജഡ്ജിയോടോ, അയാറം മുൻപറഞ്ഞ നഗരങ്ങളിൽ ഒന്നിലും താമസമുള്ളവനല്ലെങ്കിൽ, ജില്ലാ ജഡ്ജിയോടോ, ഹർജിവഴി അപേക്ഷിക്കാവുന്നതും ;

*ഹർജിയിൻമേലുള്ള നടപടിക്രമം.*—അതതു സംഗതിപോലെ, മുൻപറഞ്ഞ ഹൈക്കോടതി ജഡ്ജിക്കോ, ജില്ലാജഡ്ജിക്കോ, ഹർജിയിൽ പറഞ്ഞിട്ടുള്ള സംഗതികൾ സമ്മറിയായി പരിശോധിക്കാവുന്നതും;

പരിശോധനയിൽ, അങ്ങനെയുള്ള വിവാഹം സമുചിതമായതാണെന്നു കാണുന്നുവെങ്കിൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള ഹൈക്കോടതി ജഡ്ജിയോ, ജില്ലാജഡ്ജിയോ, ആ വിവാഹം സമുചിതമായ വിവാഹമാണെന്ന് പ്രഖ്യാപിക്കേണ്ടതുമാകുന്നു.

അങ്ങനെയുള്ള പ്രഖ്യാപനത്തിന്, ആരുടെ സമ്മതമാണോ വേണ്ടിയിരുന്നത്, ആ ആൾ, ആ വിവാഹത്തിന് സമ്മതിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ അതേ പ്രഭാവമുണ്ടായിരിക്കുന്നതും;

വിവാഹരജിസ്ട്രാരുടെ സർട്ടിഫിക്കറ്റ് നല്കുന്നത് അയാൾ വിലക്കിയിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നല്കപ്പെടേണ്ടതും, അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നല്കുന്നത് വിലക്കിയിട്ടുണ്ടായിരുന്നെങ്കിലെന്നപോലെ ആ വിവാഹം സംബന്ധിച്ച്, സദൃശ നടപടികൾ ഈ ഭാഗത്തിൻ കീഴിൽ സ്വീകരിക്കപ്പെടാവുന്നതുമാണ്.

46. *വിവാഹ രജിസ്ട്രാർ, സർട്ടിഫിക്കറ്റ് നല്കാൻ വിസമ്മതിക്കുമ്പോഴത്തെ ഹർജി.* വിവാഹരജിസ്ട്രാർ, ഈ ഭാഗത്തിൻകീഴിലെ ഒരു സർട്ടിഫിക്കറ്റ് നല്കാൻ വിസമ്മതിക്കുമ്പോഴെല്ലാം, വിവാഹത്തിന് ഉദ്ദേശിക്കുന്ന ഇരുകക്ഷികളിൽ ആർക്കെങ്കിലും, അങ്ങനെയുള്ള രജിസ്ട്രാറുടെ ജില്ല. കൽക്കട്ട, മദ്രാസ്, ബോംബെ എന്നീ നഗരങ്ങളിൽ ഏതിലെങ്കിലും ആയിരിക്കുന്നിടത്ത്, ഹൈക്കോടതിയിലെ ഒരു ജഡ്ജിയോടോ, അങ്ങനെയുള്ള ജില്ല മുൻപറഞ്ഞ നഗരങ്ങളിൽ ഏതിലെങ്കിലും അല്ലാത്തിടത്ത്, ജില്ലാ ജഡ്ജിയോടോ ഹർജിവഴി അപേക്ഷിക്കാവുന്നതുമാണ്.

*ഹർജിയിൻമേലുള്ള നടപടിക്രമം.* അതതു സംഗതിപോലെ, മുൻപറഞ്ഞ ഹൈക്കോടതി ജഡ്ജിക്കോ, ജില്ലാജഡ്ജിക്കോ, ഹർജിയിൽ പറഞ്ഞിട്ടുള്ള സംഗതികൾ സമ്മറിയായി പരിശോധിക്കാവുന്നതും, അദ്ദേഹം അതിൻമേൽ തീരുമാനം എടുക്കേണ്ടതും ആകുന്നു.

അതതു സംഗതിപോലെ, അങ്ങനെയുള്ള ഹൈക്കോടതി ജഡ്ജിയുടേയോ ജില്ലാജഡ്ജിയുടേയോ തീരുമാനം അന്തിമമായിരിക്കുന്നതും ഏതു വിവാഹ രജിസ്ട്രാർക്കാണോ ഒരു സർട്ടിഫിക്കറ്റ് നല്കാനുള്ള അപേക്ഷ ആദ്യമായി കൊടുത്തത് ആ വിവാഹ രജിസ്ട്രാർ ആ തീരുമാനമനുസരിച്ച് നടപടി തുടങ്ങേണ്ടതുമാകുന്നു.

47. *ഇൻഡ്യൻ സ്റേററിലെ വിവാഹരജിസ്ട്രാർ സർട്ടിഫിക്കററ് നിഷേധിക്കുമ്പോഴത്തെ ഹർജി.*—1950-ലെ ഏ. ഓ. പ്രകാരം റദ്ദാക്കപ്പെട്ടു.

48. *രജിസ്ട്രാർ വിലക്കുന്ന ആളുടെ പ്രാധികാരത്തെ സംശയിക്കുമ്പോഴത്തെ ഹർജി.* സർട്ടിഫിക്കററ് നല്കുന്നത് വിലക്കുന്ന ആളെ അപ്രകാരം ചെയ്യുവാൻ നിയമം പ്രാധികാരപ്പെടുത്തുന്നുണ്ടെന്നു 44-ാം വകുപ്പിന്റെ വ്യവസ്ഥകൾക്കു കീഴിൽ പ്രവർത്തിക്കുന്ന വിവാഹ രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടാത്തപ്പോഴെല്ലാം, ആ വിവാഹ രജിസ്ട്രാർ, തന്റെ ജില്ല കൽക്കട്ടാ, മദ്രാസ്, ബോംബെ എന്നീ നഗരങ്ങളിൽ ഏതിലെങ്കിലും ആയിരിക്കുന്നിടത്ത്. ഹൈക്കോടതിയിലെ ഒരു ജഡ്ജിയോടോ, അങ്ങനെയുള്ള ജില്ല മുൻപറഞ്ഞ നഗരങ്ങളിൽ ഏതിലെങ്കിലും അല്ലാത്തിടത്ത്, ജില്ലാ ജഡ്ജിയോടോ ഹർജിവഴി അപേക്ഷിക്കേണ്ടതാകുന്നു.

ഹർജിയിൻമേലുള്ള നടപടിക്രമം.—മുൻപറഞ്ഞ ഹർജി, കേസ്സിന്റെ എല്ലാ പരിതഃസ്ഥിതികളും പ്രസ്താവിക്കുകയും, അതു സംബന്ധിച്ചുള്ള കോടതിയുടെ ഉത്തരവിനും നിദേശത്തിനും പ്രാർത്ഥിക്കുകയും ചെയ്യേണ്ടതും, അതതു സംഗതിപോലെ, മുൻപറഞ്ഞ ഹൈക്കോടതി ജഡ്ജിയോ ജില്ലാ ജഡ്ജിയോ, ഹർജിയിൽ പറഞ്ഞിട്ടുള്ള സംഗതികളും, കേസ്സിന്റെ പരിതഃസ്ഥിതികളും പരിശോധിക്കേണ്ടതും;

അങ്ങനെയുള്ള പരിശോധനയിൻമേൽ, അങ്ങനെയുള്ള സർട്ടിഫിക്കററ് നല്കുന്നത് വിലക്കുന്ന ആളെ അപ്രകാരം ചെയ്യുവാൻ നിയമം പ്രാധികാരപ്പെടുത്തുന്നില്ലെന്ന് കാണപ്പെടുന്നുവെങ്കിൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള ഹൈക്കോടതി ജഡ്ജിയോ ജില്ലാജഡ്ജിയോ, അങ്ങനെയുള്ള സർട്ടിഫിക്കററ് നല്കുന്നതു വിലക്കുന്ന ആൾ മുൻപറഞ്ഞതുപോലെ പ്രാധികാരപ്പെടുത്തപ്പെട്ടിട്ടില്ലെന്ന് പ്രഖ്യാപിക്കേണ്ടതും,

അതോടെ, അങ്ങനെയുള്ള സർട്ടിഫിക്കററ് നല്കപ്പെടേണ്ടതും, അതു നല്കുന്നത് വിലക്കപ്പെട്ടിട്ടില്ലായിരുന്നെങ്കിലെന്നപോലെ അങ്ങനെയുള്ള വിവാഹം സംബന്ധിച്ച് സദൃശനടപടികൾ സ്വീകരിക്കപ്പെടാവുന്നതുമാണ്.

x x x x x

49. സർട്ടിഫിക്കററ് നല്കുന്നതിനെതിരായുള്ള നിസ്സാരമായ പ്രതിഷേധം സംബന്ധിച്ച ബാദ്ധ്യത.—ഏതെങ്കിലും സർട്ടിഫിക്കററ് നല്കുന്നതിനെതിരായി, ഈ ഭാഗത്തിൻകീഴിൽ, വിവാഹ രജിസ്ട്രാറുടെ അടുക്കൽ 44-ാം വകുപ്പിൻ കീഴിൽ അങ്ങനെയുള്ള വിവാഹ രജിസ്ട്രാറോ, അല്ലെങ്കിൽ 45-ാം വകുപ്പിനോ 46-ാം വകുപ്പിനോ കീഴിൽ ഒരു ഹൈക്കോടതി ജഡ്ജിയോ, ജില്ലാ ജഡ്ജിയോ, നിസ്സാരമായ സർട്ടിഫിക്കററ് നല്കുന്നതിനെ തടസ്സപ്പെടുത്തുവാൻ പാടില്ലാത്തതും ആണെന്ന് പ്രഖ്യാപിക്കുന്ന കാരണങ്ങളിൻമേൽ പ്രതിഷേധം കുറിക്കുന്ന ഏതൊരാളും, അതു സംബന്ധിച്ചുള്ള എല്ലാ നടപടികളുടേയും കോടതിച്ചെലവിനും നഷ്ടപരിഹാരത്തിനും ബാദ്ധ്യസ്ഥനായിരിക്കുന്നതും നഷ്ടപരിഹാരം; ആരുടെ വിവാഹത്തിനെതിരായിട്ടാണോ അങ്ങനെയുള്ള പ്രതിഷേധം കുറിക്കപ്പെട്ടിരുന്നത്, അയാൾ വസൂലാക്കുന്നത്, വ്യവഹാരംവഴിയായിരിക്കേണ്ടതുമാകുന്നു.

50. സർട്ടിഫിക്കററിന്റെ ഫാറം.—41-ാം വകുപ്പിലെ വ്യവസ്ഥകൾക്കു കീഴിൽ വിവാഹരജിസ്ട്രാർ നല്കേണ്ട സർട്ടിഫിക്കററ്, ഈ ആക്ററിനോടനുബന്ധിച്ചിട്ടുള്ള രണ്ടാം പട്ടികയിൽ അടങ്ങിയ ഫാറത്തിലുള്ളതോ ആ അർത്ഥത്തിലുള്ളതോ ആയിരിക്കേണ്ടതും, സ്റേററ് ഗവൺമെൻറ്, ഏതൊരു വിവാഹ രജിസ്ട്രാർക്കും മതിയായത്ര സർട്ടിഫിക്കററ് ഫാറങ്ങൾ നല്കേണ്ടതുമാകുന്നു.

51. സർട്ടിഫിക്കററ് നല്കിയതിനുശേഷം വിവാഹം ആഘോഷിച്ചുകൊടുക്കുന്നത്.—വിവാഹരജിസ്ട്രാറുടെ സർട്ടിഫിക്കററ് നല്കിയതിനു ശേഷമോ,

ഈ ആക്ററിൻ കീഴിൽ, വ്യത്യസ്ത ജില്ലകളിലെ വിവാഹ രജിസ്ട്രാർമാർക്ക് നോട്ടീസ് കൊടുക്കേണ്ടതായിട്ടുള്ളിടത്ത്, അങ്ങനെയുള്ള ജില്ലകളിലെ വിവാഹ രജിസ്ട്രാർമാരുടെ സർട്ടിഫിക്കററുകൾ നല്കിയതിനുശേഷമോ,

അങ്ങനെയുള്ള സർട്ടിഫിക്കററിലോ സർട്ടിഫിക്കററുകളിലോ വിവരിച്ചിരിക്കുന്ന കക്ഷികളുടെ, വിവാഹത്തിന് നിയമാനുസൃതമായ യാതൊരു വിഘ്നവും ഇല്ലെങ്കിൽ അവർ തമ്മിൽ, സ്വീകരിക്കുന്നത് യുക്തമെന്ന് അവർക്കു തോന്നുന്ന സംപ്രദായവും അടിയന്തരവും അനുസരിച്ച്, വിവാഹം ആഘോഷിക്കപ്പെടാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഏതൊരു വിവാഹവും ഏതെങ്കിലും വിവാഹ രജിസ്ട്രാറുടേയും, അയാൾക്കു പുറമേ രണ്ടോ അതിലധികമോ വിശ്വാസ്യരായ സാക്ഷികളുടേയും സാന്നിദ്ധ്യത്തിൽ ആഘോഷിക്കപ്പെടേണ്ടതും, ആ വിവാഹ രജിസ്ട്രാർക്കു മുൻപറഞ്ഞപോലുള്ള സർട്ടിഫിക്കറേറാ സർട്ടിഫിക്കററുകളോ ഏല്പിച്ചു കൊടുക്കേണ്ടതും ആകുന്നു.

അടിയന്തിരത്തിൻെറ ഏതെങ്കിലും ഭാഗത്ത്, കക്ഷികളിൽ ഓരോരുത്തരും താഴെ പറയുന്ന വിധമോ, ആ അർത്ഥത്തിലോ പ്രഖ്യാപിക്കേണ്ടതുമാകുന്നു :—

"ക, ഖ ആയ ഞാൻ ഗ, ഘ യുമായി വിവാഹബന്ധത്തിൽ ചേർക്കപ്പെടാതിരിക്കാവുന്നതിന് നിയമാനുസൃതമായ ഏതെങ്കിലും വിഘാതമുള്ളതായി എനിക്ക് അറിവില്ലെന്ന് ഞാൻ സഗൗരവം പ്രഖ്യാപിച്ചുകൊള്ളുന്നു."

കക്ഷികളിൽ ഓരോരുത്തരും മറേറ ആളോട്, താഴെ പറയുന്ന വിധമോ, ഈ അർത്ഥത്തിലോ പറയേണ്ടതുമാകുന്നു :—

"ക, ഖ ആയ ഞാൻ ഗ, ഘ ആയ നിങ്ങളെ എൻെറ നിയമാനുസൃത വിവാഹിതയായ ഭാര്യ അല്ലെങ്കിൽ [വിവാഹിതനായ ഭർത്താവ്] ആയി സ്വീകരിക്കുന്നു എന്നുള്ളതിന് സാക്ഷ്യം വഹിക്കുവാൻ ഇവിടെ സന്നിഹിതരായിരിക്കുന്ന ഈ ആളുകളോട് ഞാൻ ആവശ്യപ്പെടുന്നു".

52. നോട്ടീസിനുശേഷം രണ്ടു മാസത്തിനുള്ളിൽ വിവാഹം ഉണ്ടായിട്ടില്ലാത്തപ്പോൾ പുതിയ നോട്ടീസ് വേണമെന്ന്.—ഒരു വിവാഹം വിവാഹ രജിസ്ട്രാർ നോട്ടീസിൻെറ പകർപ്പ് 40-ാം വകുപ്പ് ആവശ്യപ്പെടുന്നതുപോലെ ചേർത്തതിനുശേഷം രണ്ടു മാസത്തിനുള്ളിൽ ആഘോഷിക്കപ്പെടാത്തപ്പോഴെല്ലാം, ആ നോട്ടീസും, അതിൻമേൽ നല്കപ്പെട്ടിട്ടുള്ള സർട്ടിഫിക്കററുവല്ലതുമുണ്ടെങ്കിൽ, അതും അതിൻമേലുള്ള മററെല്ലാ നടപടികളും ശൂന്യമായിരിക്കുന്നതും;

മുൻപറഞ്ഞ സമയത്തും രീതിയിലും, പുതിയ നോട്ടീസ് നല്കുകയും, പകർപ്പ് ചേർക്കുകയും, സർട്ടിഫിക്കററ് നല്കുകയും ചെയ്യുന്നതുവരെ, യാതൊരാളും ആ വിവാഹം ആഘോഷിച്ചുകൊടുക്കുന്നതിന് മുതിരാൻ പാടില്ലാത്തതും, ഏതെങ്കിലും വിവാഹ രജിസ്ട്രാർ അത് ഉൾക്കുറിപ്പ് ആക്കാൻ പാടില്ലാത്തതും ആകുന്നു.

53. വിവാഹ രജിസ്ട്രാർക്ക് രജിസ്ററർ ചെയ്യേണ്ട വിവരങ്ങൾ ചോദിക്കാമെന്ന്.— ഏതു വിവാഹ രജിസ്ട്രാരുടെ മുമ്പാകെയാണോ ഈ ഭാഗത്തിൻ കീഴിൽ ഏതെങ്കിലും വിവാഹം ആഘോഷിക്കപ്പെടുന്നത്, ആ വിവാഹരജിസ്ട്രാർക്ക് വിവാഹിതരാകാനുള്ള ആളുകളോട്, അങ്ങനെയുള്ള വിവാഹത്തെ സ്പർശിച്ച്, രജിസ്ററർ ചെയ്യേണ്ട വ്യത്യസ്ത വിവരങ്ങൾ ചോദിക്കാവുന്നതാണ്.

54. V-ാം ഭാഗത്തിൻ കീഴിൽ ആഘോഷിക്കപ്പെടുന്ന വിവാഹത്തിൻെറ രജിസ്ട്രേഷൻ.— ഈ ഭാഗത്തിൻകീഴിലെ ഏതെങ്കിലും വിവാഹം ആഘോഷിക്കപ്പെട്ടതിനുശേഷം, അങ്ങനെ ആഘോഷിക്കപ്പെടുമ്പോൾ സന്നിഹിതനായിരിക്കുന്ന വിവാഹരജിസ്ട്രാർ ഉടനടി ആ വിവാഹം ഡ്യൂപ്ലിക്കേററിൽ; അതായത് ഇതോട് അനുബന്ധിച്ചിട്ടുള്ള നാലാം പട്ടികയിലെ ഫാറമനുസരിച്ച് ഒരു വിവാഹ രജിസ്ററർ ബുക്കിലും, കൂടാതെ, കൗണ്ടർ ഫായിൽ ആയി വിവാഹ രജിസ്ററർ ബുക്കിനോടു ബദ്ധമായ ഒരു സർട്ടിഫിക്കററിലും രജിസ്ററർ ചെയ്യേണ്ടതാകുന്നു.

സർട്ടിഫിക്കററിലും വിവാഹരജിസ്ററർബുക്കിലുമുള്ള അങ്ങനെയുള്ള വിവാഹത്തിന്റെ ഉൾക്കുറിപ്പ്, ഏതാളാൽ അല്ലെങ്കിൽ ഏതാളുടെ മുമ്പാകെയാണോ ആ വിവാഹം ആഘോഷിച്ചുകൊടുക്കപ്പെട്ടത്, അങ്ങനെയുള്ള ആൾ ഉണ്ടെങ്കിൽ, അയാളും, അങ്ങനെയുള്ള വിവാഹത്തിൽ സന്നിഹിതനായിരുന്ന വിവാഹരജിസ്ട്രാറും-അത് ആഘോഷിച്ചുകൊടുത്തത് അയാൾ ആണെങ്കിലും അല്ലെങ്കിലും-കൂടാതെ വിവാഹിതരായ കക്ഷികളും ഒപ്പുവയ്ക്കേണ്ടതും, വിവാഹരജിസ്ട്രാറും വിവാഹം ആഘോഷിച്ചുകൊടുക്കുന്ന ആളുമല്ലാത്ത വിശ്വാസ്യരായ രണ്ട് സാക്ഷികൾ സാക്ഷ്യപ്പെടുത്തേണ്ടതും ആകുന്നു.

അങ്ങനെയുള്ള ഏതൊരു ഉൾക്കുറിപ്പും, ബുക്കിന്റെ തുടക്കംമുതൽ അവസാനംവരെ ക്രമമായി ചേർക്കേണ്ടതും, സർട്ടിഫിക്കററിന്റെ നമ്പർ വിവാഹ രജിസ്ററർ-ബുക്കിലെ ഉൾക്കുറിപ്പിന്റെ നമ്പരുമായി പൊരുത്തപ്പെടേണ്ടതുമാകുന്നു.

55. സർട്ടിഫിക്കററുകൾ പ്രതിമാസം രജിസ്ട്രാർ-ജനറൽക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന്.— വിവാഹരജിസ്ട്രാർ ഉടനടി സർട്ടിഫിക്കററ് വിവാഹ രജിസ്ററർ ബുക്കിൽനിന്ന് വേർപെടുത്തേണ്ടതും, ഓരോ മാസത്തിന്റേയും അവസാനം ജനനമരണ-വിവാഹ-രജിസ്ട്രാർ-ജനറൽക്ക് അയച്ചുകൊടുക്കേണ്ടതുമാകുന്നു.

രജിസ്ററർ പുസ്തകത്തിന്റെ സൂക്ഷിപ്പ്.— വിവാഹരജിസ്ട്രാർ മുൻപറഞ്ഞ രജിസ്ററാർ ബുക്ക്, അത് പൂർത്തിയാകുന്നതുവരെ സുരക്ഷിതമായി വച്ചുപോരേണ്ടതും, പൂർത്തിയായാൽ അത് ജനന-മരണ-വിവാഹ-രജിസ്ട്രാർ-ജനറൽക്ക് അയാളുടെ ആഫീസിലെ റിക്കാർഡുകളോടൊപ്പം സൂക്ഷിക്കുന്നതിനായി അയച്ചുകൊടുക്കേണ്ടതുമാകുന്നു.

56. (ഇൻഡ്യൻ സ്റേററുകളിലെ രജിസ്ട്രാർമാർ സർട്ടിഫിക്കററുകൾ ഏത് ആഫീസർമാർക്ക് അയക്കണമെന്ന്) 1950-ലെ എ. ഒ. യാൽ റദ്ദാക്കപ്പെട്ടു.

57. നോട്ടീസും സർട്ടിഫിക്കററും ഇൻഡ്യൻ ക്രിസ്ത്യാനികൾ മനസ്സിലാക്കുന്നുണ്ടോ എന്ന് രജിസ്ട്രാർമാർ തിട്ടപ്പെടുത്തണമെന്ന്.— വിവാഹിതനാകാൻ പോകുന്ന ഏതെങ്കിലും ഇൻഡ്യൻ ക്രിസ്ത്യാനി, വിവാഹത്തിന്റെ നോട്ടീസ് നല്കയോ, ഒരു വിവാഹ രജിസ്ട്രാറിൽനിന്ന് സർട്ടിഫിക്കററിന് അപേക്ഷിക്കുകയോ ചെയ്യുമ്പോൾ, അങ്ങനെയുള്ള വിവാഹ രജിസ്ട്രാർ, മുൻപറഞ്ഞ ഇൻഡ്യൻ ക്രിസ്ത്യാനിക്ക് ഇംഗ്ലീഷ്ഭാഷ മനസ്സിലാകുന്നുണ്ടോ എന്ന് തിട്ടപ്പെടുത്തേണ്ടതും, മനസ്സിലാകുന്നില്ലെങ്കിൽ, വിവാഹ രജിസ്ട്രാർ, അതതുസംഗതിപോലെ, അങ്ങനെയുള്ള നോട്ടീസോ സർട്ടിഫിക്കററോ അവ രണ്ടുമോ, അങ്ങനെയുള്ള ഇൻഡ്യൻ ക്രിസ്ത്യാനിക്ക് മനസ്സിലാകുന്ന ഒരു ഭാഷയിലേയ്ക്ക് തർജ്ജമ ചെയ്തുകൊടുക്കുകയോ കൊടുപ്പിക്കുകയോ ചെയ്യേണ്ടതോ;

അല്ലെങ്കിൽ വിവാഹ രജിസ്ട്രാർ, മുൻപറഞ്ഞ നോട്ടീസിന്റേയും സർട്ടിഫിക്കററിന്റേയും സാരത്തേയും പ്രഭാവത്തെയും കുറിച്ച് ആ ഇൻഡ്യൻ ക്രിസ്ത്യാനിക്ക് അറിവുണ്ടോ എന്ന് മററുവിധത്തിൽ തിട്ടപ്പെടുത്തേണ്ടതോ,

ആകുന്നു.

58. ഇൻഡ്യൻ ക്രിസ്ത്യാനികൾക്ക് പ്രഖ്യാപനങ്ങൾ മനസ്സിലാക്കിക്കൊടുക്കേണ്ടതാണെന്ന്.— ഏതെങ്കിലും ഇൻഡ്യൻ ക്രിസ്ത്യാനി ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കുകീഴിൽ വിവാഹിതനാകുമ്പോൾ, വിവാഹം ആഘോഷിച്ചുകൊടുക്കുന്ന ആൾ, അങ്ങനെയുള്ള ഇൻഡ്യൻ ക്രിസ്ത്യാനിക്ക് ഇംഗ്ലീഷ്

ഭാഷ മനസിലാകുന്നുണ്ടോ എന്ന് തിട്ടപ്പെടുത്തേണ്ടതും, മനസിലാകുന്നില്ലെങ്കിൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു കീഴിൽ അങ്ങനെയുള്ള വിവാഹത്തിൽ ചെയ്യുന്ന പ്രഖ്യാപനങ്ങൾ ആ വിവാഹം ആഘോഷിച്ചു കൊടുക്കുന്ന ആൾ ആഘോഷിച്ചുകൊടുക്കുന്ന സമയത്ത്, അങ്ങനെയുള്ള ഇൻഡ്യൻ ക്രിസ്ത്യാനിക്ക് മനസ്സിലാകുന്ന ഒരു ഭാഷയിലേക്ക് തർജ്ജമ ചെയ്തു കൊടുക്കുകയോ, കൊടുപ്പിക്കുകയോ ചെയ്യേണ്ടതുമാകുന്നു.

59. ഇൻഡ്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള വിവാഹങ്ങളുടെ രജിസ്ട്രേഷൻ.— ഇൻഡ്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള ഈ ഭാഗത്തിൻ കീഴിലെ, വിവാഹങ്ങളുടെ രജിസ്ട്രേഷൻ 37-ാം വകുപ്പിൽ കൊടുത്തിട്ടുള്ള ചട്ടങ്ങൾക്ക് (അവ ബാധകമാകുന്നിടത്തോളം) അനുരൂപമായി ചെയ്യേണ്ടതും മററുവിധത്തിൽ ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

## ഭാഗം VI

## ഇൻഡ്യൻ ക്രിസ്ത്യാനികളുടെ വിവാഹം

60. ഇൻഡ്യൻ ക്രിസ്ത്യാനികളുടെ വിവാഹം ഏത് ഉപാധികളിൻമേൽ സർട്ടിഫൈ ചെയ്യാമെന്ന്.— ഒരു സർട്ടിഫിക്കററിന് അപേക്ഷിക്കുന്ന ഇൻഡ്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള ഏതൊരു വിവാഹവും, താഴെപറയുന്ന ഉപാധികൾ നിറവേറപ്പെടുന്നുവെങ്കിൽ, III-ാം ഭാഗത്തിൻകീഴിൽ ആവശ്യപ്പെടുന്ന പ്രാരംഭ നോട്ടീസ് കൂടാതെ ഈ ഭാഗത്തിൻകീഴിൽ സർട്ടിഫൈ ചെയ്യേണ്ടതും, മററുവിധത്തിലാണെങ്കിൽ അങ്ങനെ ചെയ്യാൻപാടില്ലാത്തതും ആകുന്നു :—

(1) വിവാഹിതനാകാൻ ഉദ്ദേശിക്കുന്ന പുരുഷന്റെ പ്രായം പതിനെട്ടു വർഷത്തിൽ താഴെ ആയിരിക്കാൻപാടില്ലാത്തതും, വിവാഹിതയാകാൻ ഉദ്ദേശിക്കുന്ന സ്ത്രീയുടെ പ്രായം പതിനഞ്ചുവർഷത്തിൽ താഴെ ആയിരിക്കാൻ പാടില്ലാത്തതുമാകുന്നു;

(2) വിവാഹിതരാകാൻ ഉദ്ദേശിക്കുന്ന ഇരുവരിൽ ഒരാൾക്കും, അപ്പോൾ ജീവിച്ചിരിപ്പുള്ള ഭാര്യയോ ഭർത്താവോ ഉണ്ടായിരിക്കാൻ പാടുള്ളതല്ല;

(3) 9-ാം വകുപ്പിൻകീഴിൽ ലൈസൻസ് നല്കപ്പെട്ടിട്ടുള്ള ഒരാളുടേയും, അങ്ങനെയുള്ള ആൾ അല്ലാത്ത, ചുരുങ്ങിയത് രണ്ട് വിശ്വാസ്യരായ സാക്ഷികളുടേയും സാന്നിദ്ധ്യത്തിൽ ഇരുകക്ഷികളിൽ ഓരോരുത്തരും മറേറകക്ഷിയോട്: —

''ക, ഖ ആയ ഞാൻ, സർവ്വശക്തനായ ദൈവത്തിന്റെ സാന്നിദ്ധ്യത്തിലും, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും, ഗ,ഘ ആയ നിങ്ങളെ എന്റെ നിയമാനുസൃത വിവാഹിതയായ ഭാര്യ, [അല്ലെങ്കിൽ വിവാഹിതനായ ഭർത്താവ്] ആയി സ്വീകരിക്കുന്നു എന്നുള്ളതിന് സാക്ഷ്യം വഹിക്കാൻ ഇവിടെ സന്നിഹിതരായിരിക്കുന്ന ഈ ആളുകളോട് ഞാൻ ആവശ്യപ്പെടുന്നു'' എന്നോ അല്ലെങ്കിൽ ആ അർത്ഥത്തിലുള്ള വാക്കുകളോ പറയേണ്ടതാകുന്നു:

എന്നാൽ, വിവാഹിതരാകാൻ ഉദ്ദേശിക്കുന്ന കക്ഷികളിൽ ഒരാൾക്ക് പതിനെട്ടാമത്തെ വയസ്സ് പൂർത്തിയായിട്ടില്ലാത്തപ്പോൾ, ഉദ്ദിഷ്ടവിവാഹത്തിന് 19-ാം വകുപ്പിൽ പറഞ്ഞതുപോലെയുള്ള സമ്മതം നല്കിയിട്ടില്ലാത്ത പക്ഷമോ, അങ്ങനെയുള്ള സമ്മതം നല്കുവാൻ പ്രാധികാരപ്പെടുത്തപ്പെട്ട യാതൊരാളും ജീവിച്ചിരിപ്പില്ലെന്ന് കാണാത്തപക്ഷമോ യാതൊരു വിവാഹവും ഈ ഭാഗത്തിൻകീഴിൽ സർട്ടിഫൈ ചെയ്യാൻ പാടുള്ളതല്ല.

61. സർട്ടിഫിക്കററ് നല്കുന്നത്.— ഈ ഭാഗത്തിൻകീഴിൽ ആഘോഷിക്കപ്പെടുന്ന ഏതെങ്കിലും വിവാഹം സംബന്ധിച്ച്, 60-ാം വകുപ്പിൽ നിർണ്ണയിച്ചിട്ടുള്ള ഉപാധികൾ നിറവേററപ്പെട്ടിരിക്കുമ്പോൾ, മുൻപറഞ്ഞതുപോലെ ലൈസൻസ് നല്കപ്പെട്ട ഏതാളുടെ സാന്നിദ്ധ്യത്തിലാണോ മുൻപറഞ്ഞ പ്രഖ്യാപനം ചെയ്തിട്ടുള്ളത്, ആ ആൾ, അങ്ങനെയുള്ള വിവാഹത്തിലെ ഇരു കക്ഷികളിൽ ആരുടേയെങ്കിലും അപേക്ഷയിൻമേലും, നാലണ ഫീസ് നല്കുന്നതിൻമേലും, ആ വിവാഹത്തിന്റെ ഒരു സർട്ടിഫിക്കററ് നല്കേണ്ടതാകുന്നു,

ആ സർട്ടിഫിക്കററ് ലൈസൻസ് നല്കപ്പെട്ട ആ ആൾ ഒപ്പുവയ്ക്കേണ്ടതും, അങ്ങനെയുള്ള വിവാഹത്തിന്റെ സാധുതയെ സ്പർശിക്കുന്ന ഏതെങ്കിലും വ്യവഹാരത്തിൽ, ആ വിവാഹം നിർവ്വഹിക്കപ്പെട്ടിരുന്നു എന്നതിന്റെ നിശ്ചായകത്തെളിവായി, സ്വീകരിക്കപ്പെടുന്നതുമാകുന്നു.

62. രജിസ്ററർ ബുക്കുവച്ചുപോരുന്നതും, അതിൽനിന്നുള്ള എക്സ്ട്രാക്ററുകൾ രജിസ്ട്രാർ-ജനറലിന്റെ പക്കൽ ഡെപ്പോസിററ് ചെയ്യുന്നതും.— (1) 9-ാം വകുപ്പിൻകീഴിൽ ലൈസൻസ് നല്കപ്പെട്ടിട്ടുള്ള ഏതൊരാളും, ഇംഗ്ലീഷിലും അല്ലെങ്കിൽ വിവാഹം ആഘോഷിക്കപ്പെട്ട ജില്ലയിലോ സ്റേററിലോ സാധാരണ ഉപയോഗത്തിലുള്ള നാട്ടുഭാഷയിലും അയാൾക്ക് ലൈസൻസ് നല്കിയ സ്റേററ് ഗവൺമെൻറ് അപ്പോഴപ്പോൾ നിർണ്ണയിക്കുന്ന ഫാറത്തിലും, തന്റെ സാന്നിദ്ധ്യത്തിൽ, ഈ ഭാഗത്തിൻകീഴിൽ ആഘോഷിക്കപ്പെടുന്ന എല്ലാ വിവാഹങ്ങളുടേയും ഒരു രജിസ്ററർ ബുക്കു വച്ചുപോരേണ്ടതും, മുൻപറഞ്ഞ സ്റേററ്ഗവൺമെൻറിന്റെ ഭരണത്തിൻകീഴിലുള്ള രാജ്യക്ഷേത്രങ്ങൾക്കുള്ള ജനന-മരണ വിവാഹ-രജിസ്ട്രാർ-ജനറലുടെ ആഫീസിൽ സ്റേററ് ഗവൺമെൻറ് നിർണ്ണയിക്കുന്ന ഫാറത്തിലും ഇടവേളകളിലും വച്ചും, തന്റെ രജിസ്ററർ ബുക്കിൽനിന്ന് ആ ഇടവേളകളിൽ ഒടുവിലത്തേതിനുശേഷം അതിൽ ചേർത്തിട്ടുള്ള എല്ലാ ഉൾക്കുറിപ്പുകളുടേയും ശരിയായതും, മുറപ്രകാരം പ്രമാണീകരിക്കപ്പെട്ടതുമായ എക്സ്ട്രാക്ററുകൾ നിക്ഷേപിക്കേണ്ടതും ആകുന്നു.

63. രജിസ്ററർബുക്കിലെ ശോധനയും ഉൾക്കുറിപ്പുകളുടെ പകർപ്പുകളും.— വിവാഹത്തിന്റെ സർട്ടിഫിക്കററ് നല്കാൻ ഈ ആക്ററിൻകീഴിൽ ലൈസൻസ് നല്കപ്പെട്ടിട്ടുള്ളവനും, 62-ാം വകുപ്പിൻകീഴിൽ വിവാഹ രജിസ്ററർബുക്ക് വച്ചുപോരുന്നവനും ആയ ഏതൊരാളും ന്യായമായ എല്ലാ സമയങ്ങളിലും, അങ്ങനെയുള്ള ബുക്കിൽ ശോധന നടത്താൻ അനുവദിക്കേണ്ടതും, ശരിയായ ഫീസ് കൊടുക്കുന്നതിൻമേൽ, അതിലെ ഉൾക്കുറിപ്പിലെ തന്റെ സ്വന്തം ഒപ്പുവച്ചു സാക്ഷ്യപ്പെടുത്തിയ പകർപ്പ് നല്കേണ്ടതും ആകുന്നു.

64. ഇൻഡ്യൻ ക്രിസ്ത്യാനികളുടെ I-ാം ഭാഗത്തിനോ III-ാം ഭാഗത്തിനോ കീഴിലെ വിവാഹങ്ങൾ രജിസ്ററർ ചെയ്യുന്ന ബുക്കുകൾ.— രജിസ്ററർ ബുക്കിന്റെ ഫാറവും, അതിൽനിന്നുള്ള എക്സ്ട്രാക്ററുകൾ നിക്ഷേപിക്കുന്നതും, അതിലെ ശോധനകൾ അനുവദിക്കുന്നതും, അതിലെ ഉൾക്കുറിപ്പുകളുടെ പകർപ്പുകൾ നല്കുന്നതും സംബന്ധിച്ചുള്ള 62-ം 63-ം വകുപ്പുകളിലെ വ്യവസ്ഥകൾ, ആവശ്യകമായ ഭേദഗതികളോടുകൂടി, 37-ാം വകുപ്പിൻകീഴിൽ വച്ചുപോരുന്ന ബുക്കുകൾക്ക് ബാധകമായിരിക്കുന്നതാണ്.

65. VI-ാം ഭാഗം റോമൻ കത്തോലിക്കർക്ക് ബാധകമാകുന്നതല്ലെന്ന് ചില വിവാഹങ്ങൾ ഒഴിവാക്കൽ.— 64-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ളിടത്തോളമുള്ള 62-ം 63-ം വകുപ്പുകൾ ഒഴികെ, ഈ ആക്ററിന്റെ ഈ ഭാഗം

റോമൻ കത്തോലിക്കർ തമ്മിലുള്ള വിവാഹങ്ങൾക്ക് ബാധകമാകുന്നതല്ല. എന്നാൽ ഇതിൽ അടങ്ങിയ യാതൊന്നും, 1865 ഫെബ്രുവരി ഇരുപത്തിമൂന്നാം ദിവസത്തിന് മുമ്പായി, 1864-ലെ 25-ാം നമ്പർ ആക്ററിന്റെ V-ാം ഭാഗത്തിലെ വ്യവസ്ഥകൾക്കുകീഴിൽ, റോമൻകത്തോലിക്കർ തമ്മിൽ നടത്തിയിട്ടുള്ള ഏതെങ്കിലും വിവാഹത്തെ അസാധുവാക്കുന്നതല്ല.

## ഭാഗം VII

### ദണ്ഡനങ്ങൾ

66. വിവാഹം സാദ്ധ്യമാക്കിക്കിട്ടുന്നതിനുള്ള വ്യാജമായ ശപഥമോ, പ്രഖ്യാപനമോ, നോട്ടീസ്സോ, സർട്ടിഫിക്കററോ.— ഒരു വിവാഹം സാദ്ധ്യമാക്കിക്കിട്ടുന്നതിനോ ഒരു വിവാഹലൈസൻസ് നേടുന്നതിനോവേണ്ടി ഉദ്ദേശപൂർവ്വം,—

(ക) ഈ ആക്ററോ അല്ലെങ്കിൽ ഒരു വിവാഹം ആഘോഷിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത് ഏത് പള്ളിയുടെ ചടങ്ങുകളും അടിയന്തരങ്ങളും അനുസരിച്ചാണോ, അങ്ങനെയുള്ള ചർച്ച് ആഫ് ഇംഗ്ലണ്ടോ, ചർച്ച് ആഫ് സ്കാട്ലണ്ടോ ചർച്ച് ആഫ് റോമോ ആയ ഒരു പള്ളിയുടെ ഏതെങ്കിലും ചട്ടമോ ആചാരമോ ഒരു ശപഥമോ പ്രഖ്യാപനമോ ആവശ്യപ്പെടുന്നിടത്ത്, ഒരു വ്യാജമായ ശപഥമോ പ്രഖ്യാപനമോ ചെയ്യുകയോ, അല്ലെങ്കിൽ

(ഖ) ഈ ആക്ററ് ഒരു നോട്ടീസ്സോ സർട്ടിഫിക്കററോ ആവശ്യപ്പെടുന്നിടത്ത്, ഒരു വ്യാജമായ നോട്ടീസ്സോ സർട്ടിഫിക്കററോ ഒപ്പിടുകയോ,

ചെയ്യുന്ന ഏതൊരാളും ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1960-ലെ 45) 193-ാം വകുപ്പിൻ കീഴിൽ മൂന്നുവർഷത്തോളമാകാവുന്ന കാലത്തെ രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയും കോടതി സ്വവിവേകം ഉപയോഗിക്കുന്നതനുസരിച്ച് പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടാവുന്ന കുററം ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

67. വിവാഹ രജിസ്ട്രാർ സർട്ടിഫിക്കററ് നല്കുന്നത് വ്യാജമായ ആൾമാറാട്ടം വഴി വിലക്കുന്നത്.— ഒരു വിവാഹ രജിസ്ട്രാർ ഒരു സർട്ടിഫിക്കററ് നല്കുന്നതിനെ, വിവാഹത്തിന് ആരുടെ സമ്മതമാണോ നിയമം ആവശ്യപ്പെടുന്നത്, ആ ആളാണ് താനെന്ന് ധരിപ്പിക്കുന്നത് വ്യാജമാണെന്നു അറിഞ്ഞുകൊണ്ടോ വിശ്വസിച്ചുകൊണ്ടോ, സത്യമാണെന്നു വിശ്വസിക്കാൻ കാരണമില്ലാതേയോ അങ്ങനെ വ്യാജമായി ധരിപ്പിക്കുന്നത് വഴി വിലക്കുന്ന ഏതൊരാളും, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1960-ലെ 45) 205-ാം വകുപ്പിൽ വിവരിക്കുന്ന കുററത്തിന് അപരാധിയായി കരുതപ്പെടുന്നതാകുന്നു.

68. മുറപ്രകാരമുള്ള പ്രാധികാരമില്ലാതെ വിവാഹം ആഘോഷിച്ചുകൊടുക്കുന്നത്.— വിവാഹം ആഘോഷിച്ചുകൊടുക്കാൻ ഈ ആക്ററിന്റെ 5-ാം വകുപ്പിൻകീഴിൽ പ്രാധികാരപ്പെടുത്തപ്പെട്ടിട്ടില്ലാതിരിക്കെ, ആ അടിയന്തരം നടക്കുന്ന ജില്ലയിലെ വിവാഹ രജിസ്ട്രാറുടെ അസാന്നിദ്ധ്യത്തിൽ, രണ്ടിൽ ഒരാളോ രണ്ടു പേരുമോ ക്രിസ്ത്യാനിയായ ആളുകൾ തമ്മിലുള്ള ഒരു വിവാഹം ആഘോഷിച്ചുകൊടുക്കുകയോ ആഘോഷിച്ചു

കൊടുക്കുന്നതായി ഭാവിക്കുകയോ ചെയ്യുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ (ഏഴുവർഷത്തേക്കോ അതിലധികം കാലത്തേക്കോ ഉള്ള തടവുശിക്ഷാ വിധിക്കുപകരമായി) ഏഴുവർഷത്തിൽ കുറയാതേയും പത്തുവർഷത്തിൽ കവിയാതേയുമുള്ള കാലത്തേയ്ക്കുള്ള നാടുകടത്തലോ നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതുമാകുന്നു.

69. ശരിയായ സമയത്തല്ലാതേയോ, സാക്ഷികളെ കൂടാതേയോ വിവാഹം ആഘോഷിച്ചുകൊടുക്കുന്നത് രണ്ടിൽ ഒരാളോ രണ്ടുപേരുമോ ക്രിസ്ത്യാനിയായ ആളുകൾ തമ്മിലുള്ള ഒരു വിവാഹം ബോധപൂർവ്വവും മന:പൂർവ്വവുമായി, രാവിലെ ആറുമണിക്കും വൈകുന്നേരം ഏഴുമണിക്കും ഇടയ്ക്കല്ലാത്ത ഏതെങ്കിലും സമയത്തോ, അല്ലെങ്കിൽ വിവാഹം ആഘോഷിച്ചുകൊടുക്കുന്ന ആൾ അല്ലാത്ത ചുരുങ്ങിയത് രണ്ട് വിശ്വാസ്യരായ സാക്ഷികളുടെ സാന്നിദ്ധ്യത്തിലല്ലാതെയോ, ആഘോഷിച്ചുകൊടുക്കുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന തടവുനല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതുമാകുന്നു.

പ്രത്യേക ലൈസൻസിൻ കീഴിൽ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങൾ ഒഴിവാക്കുന്നത്.- ഈ വകുപ്പ് ഇടവകയുടെ ആംഗ്ലിക്കൻ ബിഷപ്പോ അദ്ദേഹത്തിന്റെ കമ്മീസറിയോ നല്കിയ പ്രത്യേക ലൈസൻസുകൾക്ക് കീഴിൽ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങൾക്കോ അല്ലെങ്കിൽ ചർച്ച് ആഫ് റോമിലെ ഒരു വൈദികന് വൈകുന്നേരം ഏഴുമണിക്കും രാവിലെ ആറുമണിക്കും ഇടയ്ക്കു വിവാഹങ്ങൾ നിർവഹിച്ചുകൊടുക്കാൻ 10-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സാമാന്യമോ പ്രത്യേകമോ ആയ ലൈസൻസ് കിട്ടിയിട്ടുള്ളപ്പോൾ, അങ്ങനെ അദ്ദേഹം നിർവഹിച്ചുകൊടുക്കുന്ന വിവാഹങ്ങൾക്കോ ബാധകമായിരിക്കുന്നതല്ല.

ചർച്ച് ആഫ് സ്കാട്ലണ്ടിന്റെ ചട്ടങ്ങളും, ചടങ്ങുകളും, അടിയന്തരങ്ങളും ആചാരങ്ങളും അനുസരിച്ച് ചർച്ച് ആഫ് സ്ക്കാട്ട്ലണ്ടിലെ ഒരു വൈദികൻ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങൾക്കും ഈ വകുപ്പ് ബാധകമായിരിക്കുന്നതല്ല.

70. നോട്ടീസ് കൂടാതെയോ അല്ലെങ്കിൽ നോട്ടീസ്സിനുശേഷം പതിന്നാലു ദിവസത്തിനുള്ളിലോ മൈനറുമായുള്ള വിവാഹം ആഘോഷിച്ചുകൊടുക്കുന്നത്.- ലിഖിതമായ നോട്ടീസ് കൂടാതേയോ, അല്ലെങ്കിൽ വിവാഹത്തിലെ കക്ഷികളിൽ ഒരാൾ മൈനർ ആയിരിക്കുകയും അങ്ങനെയുള്ള വിവാഹത്തിന് വേണ്ട മാതാപിതാക്കന്മാരുടേയോ രക്ഷാകർത്താക്കന്മാരുടേയോ സമ്മതം കിട്ടിയിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോൾ അങ്ങനെയുള്ള വിവാഹത്തിന്റെ നോട്ടീസ് തനിക്ക് കിട്ടിയതിനുശേഷം പതിന്നാലുദിവസത്തിനുള്ളിലോ ബോധപൂർവ്വവും മന:പൂർവ്വവുമായി III-ാം ഭാഗത്തിൻകീഴിൽ ആഘോഷിച്ചുകൊടുക്കുന്ന, ഈ ആക്ററിൻകീഴിൽ വിവാഹം ആഘോഷിച്ചുകൊടുക്കാൻ ലൈസൻസ് നല്കപ്പെട്ടിട്ടുള്ള ഏതൊരു മതപുരോഹിതനും മൂന്നുവർഷത്തോളമാകാവുന്ന കാലത്തെ തടവു നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതുമാണ്.

71. നോട്ടീസ് പ്രസിദ്ധപ്പെടുത്താതെ സർട്ടിഫിക്കററ് നല്കുകയോ വിവാഹം ആഘോഷിച്ചുകൊടുക്കുകയോ ചെയ്യുന്നത്.— താഴെ പറയുന്ന കുററങ്ങളിൽ അതായത്.—

(1) ഈ ആക്റ്റ് നിദേശിക്കുന്നതുപോലെ, വിവാഹത്തിന്റെ നോട്ടീസ് പ്രസിദ്ധപ്പെടുത്താതെ ബോധപൂർവ്വവും മന:പൂർവ്വവുമായി അങ്ങനെയുള്ള വിവാഹത്തിന് ഏതെങ്കിലും സർട്ടിഫിക്കറ്റ് നല്കുകയോ അങ്ങനെയുള്ള ഏതെങ്കിലും വിവാഹം ആഘോഷിച്ചുകൊടുക്കുകയോ ചെയ്യുന്നത്;

(2) നോട്ടീസിന്റെ കാലം കഴിഞ്ഞ് വിവാഹം ആഘോഷിച്ചുകൊടുക്കുന്നത്.-- ഏതെങ്കിലും വിവാഹം സംബന്ധിച്ച്, 40-ാം വകുപ്പ് ആവശ്യപ്പെടുന്നതുപോലെ, നോട്ടീസ്സിന്റെ പകർപ്പ് ചേർത്തതിനുശേഷം രണ്ടുമാസം കഴിഞ്ഞ്, അങ്ങനെയുള്ള വിവാഹം ആഘോഷിച്ചു കൊടുക്കുന്നത്;

(3) കോടതിയുടെ പ്രാധികാരം കൂടാതേയോ, നോട്ടീസിന്റെ പകർപ്പ് അയച്ചുകൊടുക്കാതെയോ, പതിനാലുദിവസത്തിനുള്ളിൽ മൈനറുമായുള്ള വിവാഹം ആഘോഷിച്ചു കൊടുക്കുന്നത്.— ഏതെങ്കിലും വിവാഹം, പ്രകക്ഷികളിൽ ഒരാൾ മൈനർ ആയിരിക്കുമ്പോൾ, അങ്ങനെയുള്ള വിവാഹത്തിന്റെ നോട്ടീസ് കിട്ടിയതിനുശേഷം പതിനാലുദിവസം കഴിയുന്നതിനുമുമ്പായോ, അല്ലെങ്കിൽ അങ്ങനെയുള്ള നോട്ടീസിന്റെ ഒരു പകർപ്പ് തപാൽ വഴിയോ മററു വിധത്തിലോ, ആ ജില്ലയിൽ ഒന്നിലധികം വിവാഹരജിസ്ട്രാർമാർ ഉണ്ടായിരിക്കുകയും താൻ സീനിയർ വിവാഹരജിസ്ട്രാർ അല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ ആ ജില്ലയിലെ സീനിയർ വിവാഹരജിസ്ട്രാർക്ക് അയച്ചുകൊടുക്കാതേയോ ആഘോഷിച്ചുകൊടുക്കാൻ തന്നെ പ്രാധികാരപ്പെടുത്തുന്ന ക്ഷമതയുള്ള ഒരു കോടതിയുടെ ഉത്തരവ് കൂടാതെ, അപ്രകാരം ആഘോഷിച്ചു കൊടുക്കുന്നത്;

(4) പ്രാധികൃതമായ നിരോധനത്തിനെതിരായി സർട്ടിഫിക്കററ് നല്കുന്നത്.— ഏത് സർട്ടിഫിക്കററ് നല്കുന്നതാണോ, അത് നല്കുന്നത് നിരോധിക്കുവാൻ പ്രാധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ആളാൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ നിരോധിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും സർട്ടിഫിക്കററ് നല്കുന്നത്;

എന്നിവയിൽ ഏതെങ്കിലും ചെയ്യുന്ന ഈ ആക്റ്റിൻ കീഴിലെ ഒരു വിവാഹരജിസ്ട്രാർ അഞ്ചുവർഷത്തോളമാകാവുന്ന കാലത്തെ തടവു നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതുമാണ്.

72. നോട്ടീസിന്റെ കാലം കഴിഞ്ഞോ മൈനറുടെ സംഗതിയിൽ, നോട്ടീസിനുശേഷം പതിനാലുദിവസത്തിനുള്ളിലോ പ്രാധികൃതമായ നിരോധത്തിനെതിരായോ സർട്ടിഫിക്കററ് നല്കുന്നത്.-- വിവാഹത്തിനുള്ള ഏതെങ്കിലും സർട്ടിഫിക്കററ്, മുൻപറഞ്ഞതുപോലെ, താൻ നോട്ടീസ് ചേർത്തതിനുശേഷം രണ്ടുമാസം കഴിഞ്ഞ് ബോധപൂർവ്വവും മന:പൂർവ്വവുമായി നല്കുകയോ, അല്ലെങ്കിൽ വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിൽ ഒരാൾ മൈനർ ആയിരിക്കുമ്പോൾ, അങ്ങനെയുള്ള നോട്ടീസ് ചേർത്തതിനുശേഷം, പതിനാലുദിവസം കഴിയുന്നതിനുമുമ്പ് വിവാഹത്തിനുള്ള ഏതെങ്കിലും സർട്ടിഫിക്കററ് നല്കാനോ അല്ലെങ്കിൽ, ഏത് സർട്ടിഫിക്കററ് നല്കുന്നതാണോ മുൻപറഞ്ഞതുപോലെ, അതു നിരോധിക്കാൻ പ്രാധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളാൽ നിരോധിക്കപ്പെട്ടിട്ടുള്ളത് അങ്ങനെയുള്ള ഏതെങ്കിലും സർട്ടിഫിക്കററ് നല്കാനോ

തന്നെ പ്രാധികാരപ്പെടുത്തുന്ന, ക്ഷമതയുള്ള ഒരു കോടതിയുടെ ഉത്തരവ് കൂടാതെ അപ്രകാരം ബോധപൂർവ്വവും മന:പൂർവ്വവുമായി നല്കുകയോ ചെയ്യുന്ന ഏതെങ്കിലും വിവാഹരജിസ്ട്രാർ, ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) 166-ാം വകുപ്പിൻകീഴിൽ കുററം ചെയ്തതായി കരുതപ്പെടുന്നതാകുന്നു.

73. ചർച്ച് ആഫ് ഇംഗ്ലണ്ട്, ചർച്ച് ആഫ് സ്കാട്ലണ്ട്, ചർച്ച് ആഫ് റോം എന്നിവയുടെ പുരോഹിതന്മാർ അല്ലാത്ത) വിവാഹം ആഘോഷിച്ചു കൊടുക്കാൻ പ്രാധികാരപ്പെടുത്തപ്പെട്ട ആളുകരം.— ഈ ആക്ററിൻ കീഴിൽ, ഒരു വിവാഹം ആഘോഷിച്ചു കൊടുക്കാൻ പ്രാധികാരപ്പെടുത്തപ്പെട്ടവനും,

വിവാഹ നിശ്ചയപ്രഖ്യാപനം മുറപ്രകാരം പ്രസിദ്ധപ്പെടുത്തിയതിനുശേഷമോ, ഇടവകയുടെ ആംഗ്ലിക്കൻബിഷപ്പിൽനിന്നോ, വിവാഹം ആഘോഷിച്ചുകൊടുക്കാനായി മുറപ്രകാരം പ്രാധികാരപ്പെടുത്തപ്പെട്ടിട്ടുള്ള സറോഗേററിൽനിന്നോ ഉള്ള ഒരു ലൈസൻസിൻ കീഴിൽ ഒരു വിവാഹം ആഘോഷിച്ചുകൊടുക്കുന്ന ചർച്ച് ആഫ് ഇംഗ്ലണ്ടിൻെറ ഒരു വൈദികനോ; അല്ലെങ്കിൽ

ചർച്ച് ആഫ് സ്കാട്ലണ്ടിൻെറ ചട്ടങ്ങളും, ചടങ്ങുകളും അടിയന്തിരങ്ങളും ആചാരങ്ങളുമനുസരിച്ച് ഒരു വിവാഹം ആഘോഷിച്ചുകൊടുക്കുന്ന ആ ചർച്ചിലെ ഒരു വൈദികനോ; അല്ലെങ്കിൽ

ചർച്ച് ആഫ് റോമിൻെറ ചടങ്ങുകളും ചട്ടങ്ങളും അടിയന്തിരങ്ങളും ആചാരങ്ങളും അനുസരിച്ച് ഒരു വിവാഹം ആഘോഷിച്ചുകൊടുക്കുന്ന ആ ചർച്ചിലെ ഒരു വൈദീകനോ;

അല്ലാത്തവനുമായ ആരം ആയിരിക്കേ,

നോട്ടീസ് പ്രസിദ്ധപ്പെടുത്താതെയോ സർട്ടിഫിക്കററിൻെറ കാലം കഴിഞ്ഞോ സർട്ടിഫിക്കററ് നല്കുകയോ വിവാഹം ആഘോഷിച്ചു കൊടുക്കുകയോ ചെയ്യുന്നത്.— ഈ ആക്ററിൻെറ III-ാം ഭാഗത്തിൽ നിദേശിച്ചിട്ടുള്ളതുപോലെ, വിവാഹത്തിൻെറ നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയോ പതിപ്പിക്കുകയോ ചെയ്യാതെയോ, അല്ലെങ്കിൽ താൻ സർട്ടിഫിക്കററ് നല്കിയതിനുശേഷം രണ്ടുമാസം കഴിഞ്ഞോ, ബോധപൂർവ്വവും മന:പൂർവ്വവുമായി, ഈ ആക്ററിൻ കീഴിൽ അങ്ങനെയുള്ള വിവാഹത്തിന് ഏതെങ്കിലും സർട്ടിഫിക്കററ് നല്കുകയോ, അല്ലെങ്കിൽ മുൻപറഞ്ഞതുപോലത്തെ ആളുകരം തമ്മിലുള്ള ഏതെങ്കിലും വിവാഹം ആഘോഷിച്ചുകൊടുക്കുകയോ; അല്ലെങ്കിൽ

നോട്ടീസിനുശേഷം പതിന്നാലുദിവസത്തിനുള്ളിൽ മൈനറുമായുള്ള വിവാഹത്തിന് സർട്ടിഫിക്കററ് നല്കുകയോ, അത് ആഘോഷിച്ചുകൊടുക്കുകയോ ചെയ്യുന്നത്.— അങ്ങനെയുള്ള ആളുകരം തമ്മിലുള്ള വിവാഹത്തിന്, വിവാഹത്തിന് ഉദ്ദേശിക്കുന്ന ആളുകളിൽ ഒരാരം മൈനറായിരിക്കുമ്പോരം, അങ്ങനെയുള്ള വിവാഹത്തിൻെറ നോട്ടീസ് കിട്ടിയതിനുശേഷം പതിന്നാലുദിവസം കഴിയുന്നതിനുമുമ്പായോ, അല്ലെങ്കിൽ അങ്ങനെയുള്ള നോട്ടീസിൻെറ ഒരു പകർപ്പ് പോസ്ററ് വഴിയോ മററുവിധത്തിലോ വിവാഹരജിസ്ട്രാർക്കോ, ഒന്നിലധികം വിവാഹ രജിസ്ട്രാരന്മാരുണ്ടെങ്കിൽ ആ ജില്ലയിലെ സീനിയർ വിവാഹ രജിസ്ട്രാർക്കോ അയച്ചുകൊടുക്കാതെയോ, ബോധപൂർവ്വവും മന:പൂർവ്വവുമായ ഏതെങ്കിലും സർട്ടിഫിക്കററ് നല്കുകയോ വിവാഹം ആഘോഷിച്ചുകൊടുക്കുകയോ; അല്ലെങ്കിൽ

<u>പ്രാധികാരത്തോടെ വിലക്കപ്പെട്ടിട്ടുള്ള സർട്ടിഫിക്കററ് നല്കുന്നത്.</u>—ഏത് സർട്ടിഫിക്കററ് നല്കുന്നതാണോ, അത് നല്കുന്നത് വിലക്കാൻ പ്രാധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ആളാൽ ഈ ആക്ററിൻ കീഴിൽ വിലക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും സർട്ടിഫിക്കററ് ബോധപൂർവ്വവും മന:പൂർവ്വവുമായി നല്കുകയോ; അല്ലെങ്കിൽ

<u>പ്രാധികാരത്തോടെ വിലക്കിയിട്ടുള്ള വിവാഹം ആഘോഷിച്ചു കൊടുക്കുന്നത്.</u>— ഏതെങ്കിലും വിവാഹം ആഘോഷിച്ചുകൊടുക്കുന്നത്, വിലക്കാൻ പ്രാധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ആരം വിലക്കിയിട്ടുള്ള ഏതെങ്കിലും വിവാഹം ബോധപൂർവ്വവും മന:പൂർവ്വവുമായി ആഘോഷിച്ചു കൊടുക്കുകയോ;

ചെയ്യുന്ന ഏതൊരാളും, നാലുവർഷത്തോളമാകാവുന്ന കാലത്തെ തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതുമാണ്.

74. <u>ലൈസൻസ് നല്കപ്പെട്ടിട്ടില്ലാത്ത ആരം, ലൈസൻസ് നല്കപ്പെട്ടിട്ടുണ്ടെന്ന ഭാവത്തിൽ സർട്ടിഫിക്കററ് നല്കുന്നത്</u> .—ഈ ആക്ററിന്റെ VI-ാം ഭാഗത്തിൻകീഴിൽ വിവാഹത്തിന്റെ സർട്ടിഫിക്കററ് നല്കുവാൻ ലൈസൻസ് നല്കപ്പെട്ടിട്ടില്ലാതിരിക്കെ, അങ്ങനെയുള്ള സർട്ടിഫിക്കററ് നല്കുന്നതുവഴി തനിക്ക് അപ്രകാരം ലൈസൻസ് നല്കപ്പെട്ടിട്ടുണ്ടെന്ന് തോന്നിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി, അങ്ങനെയുള്ള സർട്ടിഫിക്കററ് നല്കുന്ന ഏതൊരാളും, അഞ്ചുവർഷത്തോളമാകാവുന്ന കാലത്തെ തടവുനല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതുമാണ്.

ഈ ആക്ററിന്റെ VI-ാം ഭാഗത്തിൻ കീഴിൽ വിവാഹത്തിന്റെ സർട്ടിഫിക്കററുകരം നല്കുവാൻ ലൈസൻസ് നല്കപ്പെട്ടിരിക്കെ, ആ ഭാഗം തന്റെ മേൽ ചുമത്തുന്ന കർത്തവ്യങ്ങളിൽ ഏതെങ്കിലും നിർവ്വഹിക്കുവാൻ ന്യായമായ കാരണം കൂടാതെ വിസമ്മതിക്കുകയോ മന:പൂർവ്വമായി ഉപേക്ഷ വരുത്തുകയോ നിർവ്വഹിക്കാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളും, നൂറുരൂപവരെയാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

75. <u>രജിസ്ററർ ബുക്കുകരം നശിപ്പിക്കുകയോ വ്യാജമാക്കുകയോ ചെയ്യുന്നത്.</u>—സ്വയമേവ അല്ലെങ്കിൽ മററാരാരം മുഖേന ഏതെങ്കിലും രജിസ്ററർ ബുക്കോ, അതിന്റെ കൗണ്ടർ ഫായിൽ സർട്ടിഫിക്കററുകളോ, അതിന്റെ ഏതെങ്കിലും ഭാഗമോ, അതിൽനിന്നുള്ള ഏതെങ്കിലും പ്രമാണീകൃത എക്സ്ട്രാക്ററോ മന:പൂർവ്വം നശിപ്പിക്കുകയോ ക്ഷതിപ്പെടുത്തുകയോ ചെയ്യുകയോ അല്ലെങ്കിൽ

അങ്ങനെയുള്ള രജിസ്ററർ ബുക്കുകളുടേയോ, കൗണ്ടർ ഫായിൽ സർട്ടിഫിക്കററുകളുടേയോ ഏതെങ്കിലും ഭാഗം വ്യാജമായി ഉണ്ടാക്കുകയോ കപടാനുകരണം നടത്തി ഉണ്ടാക്കുകയോ ചെയ്യുകയോ ; അല്ലെങ്കിൽ

അങ്ങനെയുള്ള ഏതെങ്കിലും രജിസ്ററർ ബുക്കിലോ. കൗണ്ടർ ഫായിൽ സർട്ടിഫിക്കററിലോ പ്രമാണീകൃത എക്സ്ട്രാക്ററിലോ, മന:പൂർവ്വം ഏതെങ്കിലും വ്യാജമായ ഉരംക്കുറിപ്പ് ചേർക്കുകയോ,

ചെയ്യുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തെ തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

76. ആക്ററിൻകീഴിലെ പ്രാസിക്യൂഷനുകൾക്കുള്ള കാലഹരണം.—ഈ ആക്ററിൽകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതൊരു കുററത്തിനുമുള്ള പ്രാസിക്യൂഷൻ, ആ കുററം ചെയ്തതിനുശേഷം രണ്ടുവർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാകുന്നു.

## ഭാഗം VIII

## പലവക

77. ആക്ററനുസരിച്ചുള്ള വിവാഹം സംബന്ധിച്ച് ഏതു വിഷയങ്ങൾ തെളിയിക്കേണ്ടതില്ലെന്ന്.— ഏതെങ്കിലും വിവാഹം 4-ം 5-ം വകുപ്പുകളിലെ വ്യവസ്ഥകൾ അനുസരിച്ച് ആഘോഷിച്ചിട്ടുള്ളപ്പോഴെല്ലാം, അതു താഴെ പറയുന്ന വിഷയങ്ങളിൽ,

അതായത്:—

(1) വിവാഹിതരായ ആളുകളുടെ വാസം സംബന്ധിച്ചോ, ആരുടെ സമ്മതമാണോ അങ്ങനെയുള്ള വിവാഹത്തിന് നിയമം ആവശ്യപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളുടെ സമ്മതം സംബന്ധിച്ചോ ചെയ്തിട്ടുള്ള ഏതെങ്കിലും പ്രസ്താവന :

(2) വിവാഹത്തിൻെറ നോട്ടീസ് :

(3) അതിൻെറ സർട്ടിഫിക്കറേറാ തർജ്ജമയോ :

(4) വിവാഹം ആഘോഷിക്കപ്പെട്ടിട്ടുള്ള സമയവും സ്ഥലവും :

(5) വിവാഹത്തിൻെറ രജിസ്ട്രേഷൻ,

എന്നിവയിൽ ഏതെങ്കിലും സംബന്ധിച്ചുള്ള ഏതെങ്കിലും ക്രമക്കേടുകൾ കാരണമായി മാത്രം ശൂന്യമായിരിക്കുന്നതല്ല.

78. പിശകുകൾ തിരുത്തൽ.—ഏതെങ്കിലും വിവാഹം രജിസ്ററർ ചെയ്യാനുള്ള കർത്തവ്യത്തിന് ചുമതലപ്പെട്ടിരിക്കുകയും, അങ്ങനെയുള്ള ഏതെങ്കിലും ഉൾക്കുറിപ്പിൻെറ രൂപത്തിലോ സാരത്തിലോ ഏതെങ്കിലും പിശക് കണ്ടുപിടിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും, വിവാഹിതരായ ആളുകളുടെ സാന്നിദ്ധ്യത്തിലോ അവരുടെ മരണത്തിൻേറയോ അസാന്നിദ്ധ്യത്തിൻേറയോ സംഗതിയിൽ, വിശ്വാസ്യരായ മററു രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിലോ, അങ്ങനെയുള്ള പിശക് കണ്ടുപിടിച്ചതിനുശേഷമുള്ള അടുത്ത ഒരു മാസത്തിനുള്ളിൽ ആ പിശക്, ആദ്യത്തെ ഉൾക്കുറിപ്പ് ഏതെങ്കിലും വിധത്തിൽ വ്യത്യാസപ്പെടുത്താതെ, മാർജിനിലെ ഉൾക്കുറിപ്പുവഴി തിരുത്താവുന്നതും, അയാൾ മാർജിനിലെ ഉൾക്കുറിപ്പ് ഒപ്പ് വയ്ക്കുകയും അതിനോട് അങ്ങനെയുള്ള പിശക് തിരുത്തിയതിൻെറ തീയതി ചേർക്കുകയും ചെയ്യേണ്ടതും അതിൻെറ സർട്ടിഫിക്കററിൽ അങ്ങനെയുള്ള ആൾ സദൃശ മാർജിൻ ഉൾക്കുറിപ്പ് ചേർക്കേണ്ടതുമാകുന്നു.

ഈ വകുപ്പിൻകീഴിൽ ചേർക്കുന്ന ഏതൊരു ഉൾക്കുറിപ്പും, ഏതു സാക്ഷികളുടെ സാന്നിദ്ധ്യത്തിലാണോ അത് ചേർത്തത്, ആ സാക്ഷികളാൽ സാക്ഷ്യപ്പെടുത്തപ്പെടേണ്ടതുമാകുന്നു.

അങ്ങനെയുള്ള സർട്ടിഫിക്കററ്, ജനന-മരണ-വിവാഹ-രജിസ്ട്രാർ ജനറൽക്ക് മുൻപേതന്നെ അയച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള ആൾ ആദ്യത്തെ പിശക് ഉൾക്കുറിപ്പിൻേറയും, അതിൽ മാർജിനിൽ ചെയ്ത തിരുത്തലിൻേറയും ഒരു പ്രത്യേക സർട്ടിഫിക്കററ് അതേരീതിയിൽ ഉണ്ടാക്കി അയക്കേണ്ടതുമാകുന്നു.

79. ശോധനകളും ഉരംക്കുറിപ്പുകളുടെ പകർപ്പുകളും.—ഈ ആക്ററിൻ കീഴിൽ ഒരു വിവാഹം ആഘോഷിച്ചു കൊടുക്കുന്നവനും ആരോടാണോ അത് രജിസ്ററർ ചെയ്യുവാൻ ഇതിനാൽ ആവശ്യപ്പെടുന്നത്, അങ്ങനെയുള്ളവനുമായ ഏതൊരാളും,

തൽസമയം ഈ ആക്ററിൻകീഴിൽ വിവാഹങ്ങളുടെ ഏതെങ്കിലും രജിസ്ററിൻേറയോ ഏതെങ്കിലും സർട്ടിഫിക്കററിൻേറയോ ഡൂപ്ലിക്കേററിൻേറയോ പകർപ്പുകളുടേയോ സൂക്ഷിപ്പുള്ള ഏതൊരു വിവാഹ രജിസ്ട്രാറും, അല്ലെങ്കിൽ, ജനന-മരണ--വിവാഹരജിസ്ട്രാർ-ജനറലും,

ന്യായമായ എല്ലാ സമയങ്ങളിലും ശരിയായ ഫീസ് കൊടുക്കുന്നതിൻമേൽ, അങ്ങനെയുള്ള രജിസ്ററിലോ, അങ്ങനെയുള്ള സർട്ടിഫിക്കററിന്നോ, ഡൂപ്ലിക്കേററിന്നോ പകർപ്പുകരംക്കോ വേണ്ടിയോ ശോധനനടത്താൻ അനുവദിക്കേണ്ടതും, അതിലുള്ള ഏതെങ്കിലും ഉരംക്കുറിപ്പിൻെറ ഒരു പകർപ്പു അയാരം ഒപ്പിട്ടു നല്കേണ്ടതും ആകുന്നു.

80. വിവാഹരജിസ്ററിലെ ഉരംക്കുറിപ്പ് മുതലായവയുടെ സർട്ടിഫൈ ചെയ്ത പകർപ്പുകൾ തെളിവായിരിക്കുമെന്ന്.—ഈ ആക്ററിൻകീഴിൽ വച്ചുപോരാൻ ആവശ്യപ്പെടുന്ന ഏതെങ്കിലും വിവാഹ രജിസ്ട്രറിലുള്ള ഒരു വിവാഹത്തിൻെറ ഉരംക്കുറിപ്പിൻേറയോ, നല്കാൻ ആവശ്യപ്പെടുന്ന ഏതെങ്കിലും സർട്ടിഫിക്കററിൻേറയോ ഡൂപ്ലിക്കേററിൻേറയോ ഈ ആക്ററിൻ കീഴിൽ അങ്ങനെയുള്ള വിവാഹ രജിസ്ററിൻേറയോ സർട്ടിഫിക്കററിൻേറയോ ഡൂപ്ലിക്കേററിൻേറയോ സൂക്ഷിപ്പ് മേലെപ്പിക്കപ്പെട്ടിട്ടുള്ള ആരം ഒപ്പിട്ടിട്ടുള്ളതായി കരുതപ്പെടാവുന്ന ഒരു സർട്ടിഫൈ ചെയ്ത പകർപ്പ്, അപ്രകാരം ഉരംക്കുറിപ്പ് ചേർത്തതായി കരുതപ്പെടാവുന്ന വിവാഹത്തിൻേറയോ, അതിൽ അപ്രകാരം സർട്ടിഫൈ ചെയ്തതായി കരുതപ്പെടുന്ന വസ്തുതകളുടേയോ തെളിവായി യഥാക്രമം അങ്ങനെയുള്ള രജിസ്ററിൻേറയോ സർട്ടിഫിക്കററിൻേറയോ ഡൂപ്ലിക്കേററിൻേറയോ അതിലുള്ള ഏതെങ്കിലും ഉരംക്കുറിപ്പിൻേറയോ അല്ലെങ്കിൽ അങ്ങനെയുള്ള പകർപ്പിൻേറയോ കൂടുതൽ തെളിയിക്കൽ കൂടാതെ സ്വീകരിക്കപ്പെടുന്നതാകുന്നു.

81. ചില വിവാഹങ്ങളുടെ സർട്ടിഫിക്കററുകരം കേന്ദ്രഗവൺമെൻറിന് അയക്കണമെന്ന്.—ഓരോ വർഷവും, ഓരോ മൂന്നു മാസത്തേയും അവസാനം ജനന-മരണ-വിവാഹ-രജിസ്ട്രാർ ജനറൽ, അങ്ങനെയുള്ള മൂന്നുമാസ കാലത്ത് അദ്ദേഹത്തിന് അയച്ചിട്ടുള്ള വിവാഹ സർട്ടിഫിക്കററുകളിൽ നിന്ന്, ഏതു വിവാഹങ്ങളുടെ തെളിവാണോ, ഇംഗ്ലണ്ടിലേയ്ക്ക് അയച്ചു കൊടുക്കണമെന്ന് അയാളെ നിയമിച്ചിട്ടുള്ള ഗവൺമെൻറ് ആഗ്രഹിക്കുന്നത് ആ വിവാഹങ്ങളുടെ സർട്ടിഫിക്കററുകരം തിരഞ്ഞെടുക്കേണ്ടതും, ആ സർട്ടിഫിക്കററുകരം അയാരം ഒപ്പിട്ട് കേന്ദ്രഗവൺമെൻറിന് അയച്ചുകൊടുക്കേണ്ടതും ആകുന്നു.

82. സ്റേററ് ഗവൺമെൻറ് ഫീസ് നിർണ്ണയിക്കണമെന്ന്.—ഈ ആക്ററിൻ കീഴിൽ വിവാഹങ്ങളുടെ നോട്ടീസ് സ്വീകരിക്കുന്നതിനും പ്രസിദ്ധപ്പെടുത്തുന്നതിനും ;

വിവാഹരജിസ്ട്രാർമാർ വിവാഹത്തിനുള്ള സർട്ടിഫിക്കററുകരം നല്കുന്നതിനും, അവർ വിവാഹങ്ങരം രജിസ്ററർ ചെയ്യുന്നതിനും ;

മുൻപറഞ്ഞ രജിസ്ട്രാർമാർ വിവാഹത്തിനുള്ള സർട്ടിഫിക്കററുകരം നല്കുന്നതിനെതിരായി പ്രതിഷേധങ്ങരം കുറിക്കുന്നതിനും അല്ലെങ്കിൽ നല്കുന്നതിൻെറ നിരോധനങ്ങരംക്കും ;

രജിസ്ററർ ബുക്കുകളോ സർട്ടിഫിക്കററുകളോ ഡൂപ്ലിക്കേററുകളോ അവയുടെ പകർപ്പുകളോ ശോധന ചെയ്യുന്നതിനും, രജിസ്ററർബുക്കുകളും സർട്ടിഫിക്കററുകളും അവയുടെ പകർപ്പുകളുടെ ഡൂപ്ലിക്കേററുകളും ശോധന ചെയ്യുന്നതിനും, 63-ം 79-ം വകുപ്പുകൾക്കുകീഴിൽ അവയിലെ ഉൾക്കുറിപ്പുകളുടെ പകർപ്പുകൾ നല്കുന്നതിനും ;

ഫീസ് ചുമത്തേണ്ടതാകുന്നു.

സ്റേററ് ഗവൺമെൻറ് അങ്ങനെയുള്ള ഫീസുകളുടെ തുക യഥാക്രമം നിശ്ചയിക്കേണ്ടതും,

സ്റേററ് ഗവൺമെൻറിന് അപ്പോഴപ്പോൾ യുക്തമെന്നു തോന്നുന്നതുപോലെ, സാമാന്യമായോ, പ്രത്യേകസംഗതികളിലോ, ആ ഫീസ് വ്യത്യാസപ്പെടുത്തുകയോ ഇളവുചെയ്യുകയോ ചെയ്യാവുന്നതുമാണ്.

83. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—സ്റേററ് ഗവൺമെൻറിന്, 82-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഫീസ് എന്തുചെയ്യണം എന്നുള്ളതു സംബന്ധിച്ചും രജിസ്ററർ ബുക്കുകളുടെ സപ്ലൈ സംബന്ധിച്ചും ഈ ആക്ററിൻ കീഴിൽ ആഘോഷിക്കപ്പെടുന്ന വിവാഹങ്ങളുടെ റിട്ടേണുകൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുന്നത് സംബന്ധിച്ചും ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്.

84. [വിട്ടുകളയപ്പെട്ടു] (ഇൻഡ്യൻ സ്റേററുകൾക്കുള്ള ഫീസും ചട്ടങ്ങളും നിർണ്ണയിക്കാനുള്ള അധികാരം) 1950-ലെ എ. ഒ. യാൽ റദ്ദാക്കപ്പെട്ടു.

85. ജില്ലാ ജഡ്ജി ആരായിരിക്കണമെന്ന് പ്രഖ്യാപിക്കാനുള്ള അധികാരം.—സ്റേററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററ് ബാധകമാകുന്ന ഏതെങ്കിലും സ്ഥലത്ത്, ജില്ലാ ജഡ്ജിയായി കരുതപ്പെടേണ്ടത് ആരായിരിക്കണമെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

86. (ഇൻഡ്യൻ സ്റേററുകളെ സംബന്ധിച്ച് പ്രയോഗിക്കാവുന്ന അധികാരങ്ങളും നിർവ്വഹിക്കാവുന്ന ചുമതലകളും)— 1950 ലെ എ. ഒ. യാൽ റദ്ദാക്കപ്പെട്ടു.

87. കാൺസൽവഴിയുള്ള വിവാഹങ്ങളുടെ ഒഴിവാക്കൽ.— ഈ ആക്ററിലെ യാതൊന്നും, ഏതെങ്കിലും മിനിസ്ററോ കാൺസലോ കാൺസലാർ ഏജൻറോ, അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന സ്റേററിലെ പ്രജകൾ തമ്മിൽ അങ്ങനെയുള്ള സ്റേററിൻെറ നിയമം അനുസരിച്ച് കഴിപ്പിച്ചുകൊടുക്കുന്ന ഏതെങ്കിലും വിവാഹത്തിന്, ബാധകമാകുന്നതല്ല.

88. നിരോധിത രക്തബന്ധത്തിൻെറ ഡിഗ്രികളിൽ പെടുന്ന വിവാഹങ്ങൾ സാധുവാക്കുന്നില്ലെന്ന് — ഈ ആക്ററിലെ യാതൊന്നും, ഏതു വിവാഹത്തിൽ ഏർപ്പെടുന്നതിനെയാണോ ഇരുകക്ഷികളിൽ ആർക്കെങ്കിലും ബാധകമാകുന്ന വ്യക്തിനിയമം അയാളേയോ അവളേയോ വിലക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും വിവാഹത്തെ, സാധുവാക്കുന്നതായി കരുതപ്പെടുന്നതല്ല.

## പട്ടിക I

(12-ം 38-ം വകുപ്പുകൾ നോക്കുക)

### വിവാഹ നോട്ടീസ്

..................ത്തെ പുരോഹിതന് (അല്ലെങ്കിൽ രജിസ്ട്രാർക്ക്)

ഇതിന്റെ തീയതി മുതല്ക്ക് മൂന്നു കലണ്ടർ മാസങ്ങൾക്കുള്ളിൽ ഇതിൽ പേർ പറയുകയും വിവരിക്കുകയും ചെയ്യുന്ന ഞാനും മറ്റു കക്ഷിയും തമ്മിൽ, അതായത്,

| | | |
|---|---|---|
| മാർത്താ ഗ്രീൻ | ജെയിംസ് സ്മിത്ത് | പേരുകൾ |
| അവിവാഹിത | മൃതഭാര്യൻ | സ്ഥിതി |
| .. | ആശാരി | പദവി അല്ലെങ്കിൽ വൃത്തി |
| ൧ | പ്രായപൂർത്തി ആയവൻ | പ്രായം |
| 20, ഹേസ്റ്റിങ്സ് സ്ട്രീറ്റ് | 16, ക്ലൈവ് സ്ട്രീറ്റ് | വാസസ്ഥലം |
| ഒരു മാസത്തിലധികം | 23 ദിവസം | എത്ര കാലം താമസിച്ചു എന്ന് |
| ഫ്റീ ചർച്ച് ആഫ് സ്കാട്ലണ്ട്, പള്ളി | കൽക്കട്ട | വിവാഹം ആഘോഷിക്കപ്പെടേണ്ട പള്ളി, കപ്പേള അല്ലെങ്കിൽ ആരാധനാ സ്ഥലം |
| | | കക്ഷികൾ വ്യത്യസ്ത ജില്ലകളിൽ വസിക്കുമ്പോൾ, മറേറ കക്ഷി താമസിക്കുന്ന ജില്ല. |

എഴുപത്ത രണ്ട് ..........ദിവസം ആയ ഇന്ന് ഞാൻ ഇതിൽ ഒപ്പിടുന്നു.

ജെയിംസ് സ്മിത്ത് (ഒപ്പ്)

തമ്മിൽ വിവാഹം വേണമെന്ന് ഉദ്ദേശിച്ചിരിക്കുന്നതായി ഇതിനാൽ നിങ്ങൾക്ക് നോട്ടീസ് നല്കുന്നു.

[ഈ പട്ടികയിലെ ചരിച്ചെഴുത്ത്, അതതു സംഗതിപോലെ, പൂരിപ്പിക്കേണ്ടതും, അതിലെ ശൂന്യമായ കള്ളി കക്ഷികളിൽ ഒരാൾ മറ്റൊരു ജില്ലയിൽ താമസിക്കുന്നെങ്കിൽ മാത്രം പൂരിപ്പിക്കേണ്ടതുമാകുന്നു. ]

## പട്ടിക II

(24-ം 50-ം വകുപ്പുകൾ നോക്കുക)

## നോട്ടീസ് കിട്ടിയതിന്റെ സർട്ടിഫിക്കററ്

..............................ആയ ഞാൻ........മാസം........ദിവസം ..................... .........എന്റെ, വിവാഹ നോട്ടീസ് ബുക്കിൽ ഇതിനാൽ സർട്ടിഫൈ ചെയ്യുന്നതെന്തെന്നാൽ, നോട്ടീസിൽ പേർ പറയുകയും വിവരിക്കുകയും ചെയ്തിട്ടുള്ള കക്ഷികൾ തമ്മിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വിവാഹത്തിന്റെ നോട്ടീസ് മുറപ്രകാരം കക്ഷികളിൽ ഒരാളായ................ന്റെ കൈകൊണ്ട് ഏല്പിച്ചുകൊടുത്തത്, യഥാവിധി ചേർത്തു എന്നും നോട്ടീസ്, കക്ഷികളിൽ, അതായത്............................ :—

| | | |
|---|---|---|
| മാർത്താ ഗ്രീൻ | ജെയിംസ് സ്മിത്ത് | പേരുകരം |
| അവിവാഹിത | മൃതഭാര്യൻ | സ്ഥിതി |
| | ആശാരി | പദവി അല്ലെങ്കിൽ വൃത്തി |
| മൈനർ | പ്രായപൂർത്തിആയവൻ | പ്രായം |
| 20, ഹേസ്റ്റിങ്ങ്സ് സ്ട്രീററ് | 16, ക്ളൈവ് സ്ട്രീററ് | വാസസ്ഥലം |
| ഒരു മാസത്തിലധികം | 23 ദിവസം | എത്രകാലം താമസിച്ചു എന്ന് |
| ഫ്രീ ചർച്ച് ആഫ് സ്കാട്ലണ്ട് പള്ളി, | കൽക്കട്ട | വിവാഹം ആഘോഷിക്കപ്പെടേണ്ടപള്ളി, കപ്പേള അല്ലെങ്കിൽ ആരാധനാ സ്ഥലം |
| | | കക്ഷികരം വ്യത്യസ്ത ജില്ലകളിൽ വസിക്കുമ്പോരംമററെ കക്ഷി താമസിക്കുന്ന ജില്ല. |

എന്നിവരിൽ ഒരാളായ.. ........ ...ഒപ്പിട്ടു നല്കി എന്നും മുൻ പറഞ്ഞ (ജെയിംസ് സ്മിത്ത്)

ഇൻഡ്യൻ ക്രിസ്ത്യൻ വിവാഹ ആക്റ്റ്, 1872, (1872-ലെ 15) 17-ാം വകുപ്പോ 41-ാം വകുപ്പോ ആവശ്യപ്പെടുന്ന പ്രഖ്യാപനം, (അല്ലെങ്കിൽ ശപഥം) മുറപ്രകാരം ചെയ്തിട്ടുണ്ടെന്നും ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

ചേർത്ത നോട്ടീസ് തീയതി
സർട്ടിഫിക്കററ് നൽകിയ തീയതി

} ഈ സർട്ടിഫിക്കററ് നല്കുന്നത്, അത്യ നല്കുന്നത് വിലക്കാൻ പ്രാധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ആളാൽ നിരോധിക്കപ്പെട്ടിട്ടില്ല.

എഴുപത്തിരണ്ട് . .... മാസം . ... ദിവസമായ ഇന്ന് ഞാൻ ഇത് ഒപ്പിടുന്നു.

(ഒപ്പ്)

വിവാഹം . . . . ... ..... മാസം..............ദിവസമോ അതിനു മുമ്പോ ആഘോഷിക്കപ്പെടാത്തപക്ഷം ഈ സർട്ടിഫിക്കററ് ശൂന്യമാകുന്നതാണ്.

[ഈ പട്ടികയിലെ വരിച്ചെഴുത്തു അതതു സംഗതിപോലെ പൂരിപ്പിക്കേണ്ടതും, അതിലെ ശൂന്യമായ കള്ളി, കക്ഷികളിൽ ഒരാൾ മറെറാരു ജില്ലയിൽ വസിക്കുന്നുവെങ്കിൽ മാത്രം പൂരിപ്പിക്കേണ്ടതുമാകുന്നു.]

# പട്ടിക III

(28-ം 31-ം വകുപ്പുകൾ നോക്കുക)

കൽക്കട്ട / മദ്രാസ് / ബോംബെ } ആർച്ച്ഡീക്കൺറിക്കുള്ള ത്രൈമാസിക വിവാഹ റിട്ടേണുകൾ

കൽക്കട്ട/മദ്രാസ്/ബോംബെ ആർച്ച് ഡീക്കൺറിക്കുള്ള രജിസ്ട്രാറായ ..................... ഞാൻ ഇതോടു അനുബന്ധിച്ചിട്ടുള്ളവ, അസ്സലുകളുടെയും. ക്രിസ്തുവർഷം................ മാസം ................ദിവസം ആരംഭിച്ച് ..................ദിവസം അവസാനിക്കുന്ന മൂന്നുമാസത്തേക്ക് തയ്യാറാക്കി എനിക്ക് അയച്ചുതന്നിട്ടുള്ള പ്രകാരമുള്ള കൽക്കട്ട/മദ്രാസ്/ബോംബെ ആർച്ച് ഡീക്കൺറിക്കുള്ളിലെ ഔദ്യോഗിക ത്രൈമാസിക വിവാഹറിട്ടേണുകളുടെയും ശരിയായ പകർപ്പുകൾ ആണെന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

(രജിസ്ട്രാറുടെ ഒപ്പ്)
കൽക്കട്ട/മദ്രാസ്/ബോംബെ ആർച്ച്ഡീക്കൺറിയുടെ
രജിസ്ട്രാർ.

അല്ലഹബാദ്/ബറംഖ്പൂർ/ബറീല്ലി/കൽക്കട്ട—ൽവെച്ച്
ആഘോഷിക്കപ്പെട്ടിട്ടുള്ള വിവാഹങ്ങൾ

| വിവാഹിതരായത് എപ്പോഴെന്ന് | | | കക്ഷികളുടെ പേരുകൾ | | വയസ്സ് | സ്ഥിതി | പദവി അല്ലെങ്കിൽ വൃത്തി | വിവാഹസമയത്തുള്ള വാസസ്ഥലം | അച്ഛന്റെ പേരും ഇരട്ടപ്പേരും | വിളംബരം വഴിയോ ലൈസൻസ് വഴിയോ സർട്ടിഫിക്കറ്റ് വഴിയോ എന്ന് | കക്ഷികളുടെ ഒപ്പ് | സന്നിഹിതരായ രണ്ടോ അതിലധികമോ സാക്ഷികളുടെ ഒപ്പ് | വിവാഹം ആഘോഷിപ്പിച്ചുകൊടുത്ത ആളിന്റെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | മാസം | ദിവസം | ക്രിസ്ത്യൻ | ഇരട്ടപ്പേര് | | | | | | | | | |
| | | | | | | | | | | | | | |

പട്ടിക IV

(32ം 54-ം വകുപ്പുകരം നോക്കുക)

## വിവാഹ രജിസ്റ്റർ ബുക്ക്

| നമ്പർ | വിവാഹിതരായത് എപ്പോഴെന്ന് | | | കക്ഷികളുടെ പേരുകരം | | വയസ്സ് | സ്ഥിതി | പദവി അല്ലെങ്കിൽ പ്രവൃത്തി | വിവാഹസമയത്തെ വാസസ്ഥലം | അപ്പന്റെ പേരും ഉദ്യോഗവും |
|---|---|---|---|---|---|---|---|---|---|---|
| | | | | ക്രിസ്ത്യൻ പേര് | ഇരട്ടപ്പേര് | | | | | |
| | ദിവസം | മാസം | വർഷം | ജെയിംസ് | വൈററ് | 26 വർഷം | മൃത ഭാര്യൻ | ആശാരി | ആഗ്രാ | വില്യം വൈററ് |
| 1 | | | | മാർത്ത | ഡങ്കൻ | 17 വർഷം | അവിവാഹിത | .. | ആഗ്രാ | ജോൺ ഡങ്കൻ |

.......................വച്ച് വിവാഹിതരായി

| | | | | |
|---|---|---|---|---|
| ഈ വിവാഹം ഞങ്ങരം | ജെയിംസ് വൈററ്<br>മാർത്താ ഡങ്കൻ | തമ്മിൽ | ജോൺ സ്മിത്ത്<br>ജോൺ ഗ്രീൻ | ഞങ്ങളുടെ സാന്നിദ്ധ്യത്തിൽ ആഘോഷിക്കപ്പെട്ടു |

3/2141/V.

## വിവാഹ സർട്ടിഫിക്കററ്

| നമ്പർ | വിവാഹിതരായത് എപ്പോഴെന്ന് | | | കക്ഷികളുടെ പേരുകരം | | വയസ്സ് | സ്ഥിതി | പദവി അല്ലെങ്കിൽ വൃത്തി | വിവാഹ സമയത്തെ വാസസ്ഥലം | അച്ഛന്റെ പേരും ഉദ്യോഗവും |
|---|---|---|---|---|---|---|---|---|---|---|
| | | | | ക്രിസ്ത്യൻ പേര് | ഇരട്ടപ്പേര് | | | | | |
| 1 | ദിവസം | മാസം | വർഷം | ജെയിംസ് | വൈററ് | 26 | മൃത ഭാര്യൻ | ആശാരി | ആഗ്രാ | വില്യം വൈററ് |
| | | | | മാർത്താ | ഡങ്കൻ | 17 | അവിവാഹിത | .. | ആഗ്രാ | ജോൺ ഡങ്കൻ |

...................വച്ച് വിവാഹിതരായി

ജെയിംസ് വൈററ്
മാർത്താ ഡങ്കൻ

തമ്മിൽ

ജോൺസ്മിത്ത്
ജോൺ ഗ്രീൻ

ഞങ്ങളുടെ സാന്നിദ്ധ്യത്തിൽ
ആഘോഷിക്കപ്പെട്ടു.

5-ാംപട്ടിക : (റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ) 1938-ലെ റദ്ദാക്കൽ ആക്ട് (1938-ലെ 1) രണ്ടാം വകുപ്പിനാലും 1-ാം ഭാഗത്തിനാലും റദ്ദാക്കപ്പെട്ടു.

(റദ്ദാക്കപ്പെട്ടു)